# കൎമ്മെല കുസുമം.

൨൩-ാം പുസ്തകം.



കൎമ്മെലനാഥയുടെ സ്തുതിക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന
ഒരു പ്രതിമാസപത്രിക.

MANNANAM.
PRINTED AT THE St. JOSEPH'S PRESS.
1928.



നി. വ. ദിവ്യശ്രീ കാളാശ്ശേരിൽ മാർ

**യാക്കോബ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്.**

# കാർമ്മലകുസുമം.

പുസ്തകം ൨൩.) ജനുവരി. (ലക്കം ൧.


## ആശീർവ്വാദലേഖനം.

നി. വ. ദിവ്യശ്രീ കാളാശ്ശേരിൽ മാർ യാക്കോബു മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്.

ദൈവരാജ്യത്തെ അധഃപതിപ്പിക്കുന്നതിനു നരക സൈന്യങ്ങൾ ഇക്കാലത്തു പ്രയോഗിക്കുന്ന സർവ്വപ്രധാനമായ ആയുധം വിഷലിപ്തമായ അസാന്മാർഗ്ഗിക സാഹിത്യമാണെന്നു പറയേണ്ടതില്ലല്ലൊ. ഇതുകൊണ്ടുതന്നെയാണ് കത്തോലിക്കാ സാഹിത്യപ്രചാരണത്തിൽ തിരുസഭ തന്റെ മക്കളെ സദാ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതു. നമ്മുടെ ഏക പ്രതിദിനപത്രമായ "നസ്രാണിദീപിക"യും, പ്രധാന കുടുംബമാസികയായ "കർമ്മെലകുസുമ"വും, കെ. സി. സി. ഏ. സംഘങ്ങളും ഈ വിഷയത്തിൽ ചെയ്യുന്ന ശ്രമങ്ങളെ നാം അഭിനന്ദിക്കയും, തൽപ്രവർത്തകന്മാരെയും പ്രോത്സാഹകന്മാരെയും ഹൃദയപൂർവ്വം ആശീർവ്വദിക്കയും ചെയ്യുന്നു. "ദൈവരാജ്യം വരണം" എന്നുള്ള നമ്മുടെ മുദ്രാവാക്യത്തെ ഈ മാർഗ്ഗത്തിലൂടെ സഫലമാക്കിത്തീർക്കുന്നതിലേക്കു എല്ലാ ഇടവകകളിലും പാടുള്ള ശ്രമങ്ങൾ ചെയ്തു കാണ്മാൻ നാം ആഗ്രഹിക്കുന്നു.

† James J. Kalacherry.

## പ്രസാധകക്കുറിപ്പുകൾ

### നവവത്സരം.

കാലങ്ങൾ ശീഘ്രഗതിയിൽ കടന്നുപോകുന്നുവെന്നു ചിലർ മനസ്താപിക്കാറുണ്ട്. കാലത്തെ ദുഷ്പ്രയോഗിക്കുന്നവർക്കു പശ്ചാത്താപമേ കടശി ശേഷിക്കയുള്ളുവെന്നതിനു സംശയമില്ല. എന്നാൽ ദൈവം തരുന്ന മഹത്തായ ഒരു ദാനമാണതെന്നു മനസ്സിലാക്കി വേണ്ടവിധം സമയം വിനിയോഗിക്കുന്നവർക്ക്, കടന്നുപോകുന്ന ഓരോ കാലഘട്ട

വും ആശ്വാസപ്രദമായിരിക്കും. വി. അമ്മ ത്രേസ്യാപുണ്യവതി നാഴികമണി അടിക്കുന്ന സ്വരം കേൾക്കുമ്പോൾ സന്തോഷിച്ചിരുന്നതായി പറയപ്പെട്ടുന്നു. നിത്യഭാഗ്യത്തിലേയ്ക്കു അത്രയുംകൂടെ സമീപിച്ചല്ലോ എന്നുള്ള ഓർമ്മയാണു് ആ പുണ്യവതിയ്ക്കു അപ്പോൾ ഉണ്ടായിരുന്നതു്. എന്നാൽ കിട്ടിയ കട്ടികൾ കഴിച്ചിട്ടുകൊണ്ടു ധൂർത്തനായി നടക്കുന്ന ഭൃത്യനു യജമാനന്റെ ആഗമനം ദുസ്സഹമായിട്ടു തീരുകയുള്ളു. അതിനാൽ നവവത്സരാരംഭത്തിൽ നാം നമ്മിലേക്കുതന്നെ പ്രവേശിച്ചു അല്പം ആലോചിക്കണം. കഴിഞ്ഞകൊല്ലം എങ്ങിനെ കഴിച്ചുകൂട്ടി? വത്സരാരംഭത്തിൽ നാം ചെയ്ത നല്ല നിശ്ചയങ്ങൾ എങ്ങിനെ നിറവേററി? ഈ കൊല്ലം പ്രധാനമായി നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാകേണ്ട കാൎയ്യം എന്താണു്? കഴിഞ്ഞ കൊല്ലം അപജയമാണു സംഭവിച്ചതെങ്കിൽ അതുപോലെ വരാതിരിപ്പാൻ ഈ കൊല്ലം ഉപയോഗിക്കേണ്ടമാൎഗ്ഗങ്ങൾ ഏവ? നമ്മുടെ നല്ല പ്രതിജ്ഞകളേയും, ആരംഭിച്ചിരിക്കുന്ന ആണ്ടിനേയും ഉണ്ണിമിശിഹായ്ക്കു കാഴ്ചകൊടുത്തു ആശീൎവ്വാദം അപേക്ഷിക്കുക. അപ്പോൾ നമ്മുടെ നവവത്സരം ശോഭനമായിത്തന്നെയിരിക്കും. ഇപ്രകാരം മംഗളമായ ഒരു നവവത്സരം കുസുമവായനക്കാൎക്കെല്ലാം ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

## കാർഡിനൽ ലെപ്പിസിയെ തിരുമനസ്സുകൊണ്ടു്.

ഇൻഡ്യയുടെ വിസിററർ അപ്പസ്തോലിക്കുആയിരുന്ന മൊൺസിഞ്ഞോർ അലെക്സിസ് ലെപ്പിസിയെ തിരുമേനിയെ കഴിഞ്ഞമാസാവസാനത്തിൽകൂടിയ ഒരു കൊൺസിസ്റ്റോറി സംഘത്തിൽവച്ചു പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു കർദ്ദിനാൽസ്ഥാനത്തിലേക്കു ഉയൎത്തിയിരിക്കുന്നതായി അറിയുന്നതിൽ സന്തോഷിക്കയും തിരുമേനിയെ ഹാൎദ്ദമായി അനുമോദിക്കയും ചെയ്തുകൊള്ളുന്നു. തിരുമേനിയുടെ സുകൃതപരിമളവും, ശാസ്ത്രനൈപുണ്ണിയും ഭാരതീയൎക്കു നല്ലപോലെ അനുഭവഗോചരമായിട്ടുള്ളതാണല്ലോ. മലങ്കരസഭയുടെ വൈദികാദ്ധ്യക്ഷസ്ഥാപനകൎമ്മം എറണാകുളത്തുവച്ചു ഔദ്യോഗികമായി നിൎവ്വഹിച്ചതു തിരുമേനിയാണെന്നുള്ള ബന്ധം ഒരിക്കലും വിസ്മരിക്കാവുന്നതല്ല. കുസുമത്തിനും ദീപികയ്ക്കും തിരുമനസ്സുകൊണ്ടു നൽകിയിരുന്ന ആശീൎവ്വാദവചനം കത്തോലിക്കസാഹിത്യ പ്രചാരത്തിൽ അവിടത്തേയ്ക്കുള്ള അന്യാദൃശമായ ആസക്തിയെ പ്രദർശിപ്പിക്കുന്ന ഒന്നായിരുന്നു. അതിനാൽ ഈ സ്ഥാനലബ്ധി നമുക്കു പ്രത്യേകിച്ചു ചാരിതാൎത്ഥ്യജനകമാണെന്നു പറയേണ്ടതില്ലല്ലോ. തിരുമേനിയെക്കൂടാതെ വേറെനാലു കർദ്ദിനാളന്മാരേക്കൂടെ ആ അവസരത്തിൽതന്നെ നിയമിക്കയുണ്ടായിട്ടുണ്ടു്.

## മെത്രാഭിഷേകമഹോത്സവം.

മുൻനിശ്ചയമനുസരിച്ചു നി. വ. ദിവ്യശ്രീ കാളാച്ചേരിൽ മാർ യാക്കോബു മെത്രാനച്ചൻ തിരുമനസ്സിലെ മെത്രാഭിഷേകകൎമ്മം ചങ്ങനാശ്ശേരിൽവച്ചു അത്യാഡംബരപൂൎവ്വം നടത്തപ്പെട്ടിരിക്കുന്നു. കണ്ടത്തിൽ മാർ അഗുസ്തീനോസു മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു അഭിഷേകകൎമ്മം നടത്തുന്നതിനു സ്ഥലത്തെത്തിയിരുന്നെങ്കിലും തിരുമനസ്സിലേക്കു നേരത്തേപിടിപെട്ടിരുന്ന അലസ്യം അല്പംവൎദ്ധിക്കയാൽ ഡോക്ടറന്മാരുടെ നിൎദ്ദേശമനുസരിച്ചു തിരുമേനി കൎമ്മത്തിൽ സംബന്ധിക്കാതിരിക്കയാണു ചെയ്തതു. പകരം വാഴപ്പള്ളിൽ മാർ പ്രാൻസിസ്ലോസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് അഭിഷേകകൎമ്മം നടത്തി. സഹായമെത്രാന്മാരായി നിയമിക്കപ്പെട്ടിരുന്ന കൊല്ലത്തേയും കോട്ടയത്തേയും വന്ദ്യതിരുമേനിമാരേക്കൂടാതെ, വരാപ്പുഴമെത്രാപ്പോലീത്താച്ചനും, കോഴിക്കോട്ടു, തൂത്തുക്കുടി മെത്രാന്മാരും അഞ്ഞൂറിൽപ്പരം വൈദികരും ഒരു ലക്ഷത്തോളം ജനങ്ങളും ഇതിൽ സംബന്ധിച്ചു. തിരുവിതാംകൂർ ദിവാൻ മി. വാട്ട്സ് മുതലായി പലവലിയ ഉദ്യോഗസ്ഥന്മാരുടെയും സാന്നിദ്ധ്യം ഈ അവസരത്തേ സവിശേഷം അലംകരിച്ചിരുന്നു.

# മതവൈരികൾ.

(വെറി റവ. ഫാദർ അലക്സാണ്ടർ സി. ഡി.)

ഇംഗ്ലണ്ടു, അമേരിക്ക മുതലായ രാജ്യങ്ങളിൽ അനേകർ പ്രോട്ടെസ്റ്റാണ്ടു മതം ഉപേക്ഷിച്ചു കത്തോലിക്ക തിരുസഭയിൽ ചേരുന്നതുപോലെ, ഇപ്പോൾ മലയാളത്തിൽ പല യാക്കോബായ വൈദികരും ജനങ്ങളും കത്തോലിക്ക സഭയിൽ ചേൎന്നുതുടങ്ങിയിരിക്കുന്നു. ഇങ്ങനെയുള്ള മാനസാന്തരങ്ങളെ തടുക്കുന്നതിനുവേണ്ടി ചില മതവൈരികൾ കത്തോലിക്കസഭയെ അന്യായമായി നിന്ദിച്ചുകൊണ്ടു പല ദൂഷിപത്രങ്ങൾ പുറപ്പെടുവിച്ചു തുടങ്ങിയിട്ടുണ്ടു്. മനോരമ പ്രസ്സിൽനിന്നു പാപ്പായുടെ ശ്രേഷ്ഠാധിപത്യം നിഷേധിക്കുന്ന ഒരു പുസ്തകം ഈയിടെ പുറപ്പെട്ടു. നവീകരണകക്ഷിയിൽ ചേൎന്ന മി. കെ. എൻ. ദാനിയേൽ ആ വിഷയത്തിൽ തന്നെ വേറൊരു പുസ്തകവും പുറപ്പെടുവിച്ചിരിക്കുന്നു. റസ്സൽ എന്ന അമേരിക്കൻ സായ്പു അടുത്ത കാലത്തു നവമായി സ്ഥാപിച്ചിട്ടുള്ള പാഷണ്ഡമതംവക ഒരു ബുക്കുഡിപ്പോയും കോട്ടയത്തു സ്ഥാപിച്ചു് 'ജാതൈ്യക്യവേദപാരായണസമാജം' വക പ്രസിദ്ധീകരണങ്ങൾ എന്ന പേരിൽ പല ലഘുലേഖകൾ പ്രചരിപ്പിച്ചുവരുന്നു. കത്തോലിക്കസഭയുടെ പഠനത്തെ നിഷേധിക്കയും എടത്തൂട്ടു പഠനം ഉപദേശിക്കയും ചെയ്യുന്ന ഈ വക പുസ്തകങ്ങളെ കത്തോലിക്കർ സൎവ്വഥാ പരിവൎജ്ജിക്കേണ്ടവയാണെന്നു പറയേണ്ടതില്ലല്ലൊ. ഈ പുസ്തകങ്ങൾ തിരുസഭയുടെ മുടക്കിൽ ഉൾപ്പെടുന്നവയാണ്. മേല്പട്ടക്കാരിൽനിന്നു അനുവാദം ലഭിച്ചിട്ടുള്ളവർ മാത്രം മതവൈരികളുടെ ഈ തരം പുസ്തകങ്ങളെ വായിക്കയും അവയെ ഖണ്ഡിക്കയും ചെയ്യേണ്ടതാകുന്നു.

ഈ മതവൈരികളെക്കുറിച്ചു നാം എന്തു പറയട്ടെ? ഈ തരക്കാരെക്കുറിച്ചു വിശുദ്ധ പൌലോസ് പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ എഴുതിവെച്ചിട്ടുള്ളതു കേട്ടാലും. 'അന്ത്യകാലങ്ങളിൽ ചിലർ വിശ്വാസത്തിൽനിന്നു തെറ്റി' തട്ടിക്കുന്ന അരൂപികളുടെ പുറകെയും പിശാചുകളുടെ പഠനങ്ങളുടെ പുറകെയും പോകുമെന്നു പരിശുദ്ധാത്മാവു തെളിവായിട്ടു പറയുന്നു. (I Timothy 4.1.) നിത്യനരകശിക്ഷയില്ലെന്നും, ഭൂമിയിൽ മ്ശിഹായുടെ വികാരിയാകുന്ന പാപ്പായിക്കു ശ്രേഷ്ഠാധിപത്യം ഇല്ലെന്നുംമറ്റും വാദിക്കുന്ന ഈ മതവൈരികൾ 'പിശാചുക്കളുടെ പഠനങ്ങളെ' അത്രെ പിഞ്ചെല്ലുന്നതെന്നു തീൎച്ചയാണ്.

പ്രോട്ടെസ്റ്റാൻറുകാരുടെയും മറ്റും പുസ്തകങ്ങൾ വായിക്കയും അവരുടെ പ്രസംഗങ്ങൾ കേൾക്കയും ചെയ്താൽ പല പട്ടക്കാരും ജനങ്ങളും കത്തോലിക്കാസഭയെ ഉപേക്ഷിച്ചു പതിതമതങ്ങളിൽ ചേരുവാനിടവരുമെന്നു പ്രസ്തുത മതവൈരികളിൽ ചിലർ ഘോഷിക്കുന്നു. കാറ്റുകൊണ്ടു പൊടിപറക്കും കല്ലുപറക്കയില്ല. പേപ്പട്ടി കടിച്ചാൽ കടിയേറ്റവനിൽ പേ ഇളകുമെന്നു സകലൎക്കും ബോദ്ധ്യമാണ്. അതുകൊണ്ടു ഇത്തരം വിഷനാഗ്ഗളുടെ സഹവാസംമൂലം കടിയേൽക്കാതെ സൂക്ഷിക്കണമെന്നു ശ്ലീഹാന്മാർതന്നെ നമുക്കു സൽബുദ്ധി ചൊല്ലിത്തന്നിട്ടുണ്ടു്. മതവിപരീതക്കാരനായ മനുഷ്യനോടു ഒന്നുരണ്ടുപ്രാവശ്യം സൽബുദ്ധി പറഞ്ഞ ശേഷം അവനെ വിട്ടൊഴിഞ്ഞുപോക! ഇപ്രകാരമുള്ളവൻ മറിഞ്ഞുപോയി, തന്നാലെതന്നെ കുറ്റം വിധിക്കപ്പെട്ടവനായി പാപം ചെയ്യുന്നു എന്നറിഞ്ഞുകൊൾക." Tit. III. 10.11.)

മതവിരോധികളായ മനുഷ്യരോടുള്ള സഹവാസം മൂലമുണ്ടാകുന്ന ഫലം ഈനാട്ടിൽ സകലൎക്കും പ്രസ്പഷ്ടമാണ്. ചർച്ചു മിഷ്യൻ സൊസൈററിക്കാർ

(സി. എം. എസ്സ്. കാർ) യാക്കോബായ സുറിയാനിക്കാരുമായി കുറെക്കാലം പങ്കുകച്ചവടം നടത്തി. ഇതിന്റെ ഫലമായി യാക്കോബായക്കാരിൽ ഒരു പങ്കു പ്രൊട്ടസ്റ്റാണ്ടുകാരായിത്തീർന്നു. വേറൊരു പങ്കു പകുതി പ്രൊട്ടെസ്റ്റാണ്ട് അഥവാ നവീകരണക്കക്ഷിയായി തിരിഞ്ഞു. ഈ കക്ഷിയുടെ നേതാവായിരുന്ന മാത്തൻ മെത്രാനെ (മാർ അത്താനാസീസിനെ) യാക്കോബായ പാത്രിയർക്കീസ് രണ്ടു പ്രാവശ്യം മഹറോൻ ചൊല്ലി ശപിച്ചു. എന്നാൽ യാക്കോബായക്കാരെ അനേക ശതകങ്ങൾക്കുമുമ്പ് കത്തോലിക്കാ സഭ ബഹിഷ്കരിച്ചിട്ടുമുണ്ടു്. അന്തഃഛിദ്രത്താൽ നശിച്ചിരിക്കുന്ന ഈ രണ്ടു പതിതകക്ഷികൾ തങ്ങളുടെ ദയനീയ സ്ഥിതിയെ വിസ്മരിച്ചുകൊണ്ടു മിശിഹാ കർത്താവു സ്ഥാപിച്ചിട്ടുള്ള ഏക കത്തോലിക്കാ തിരുസഭയ്ക്കു വിരോധമായി എഴുതുവാൻ തുനിയുന്നതിൽ വിസ്മയിക്കേണ്ടിയിരിക്കുന്നു. പ്രൊട്ടസ്റ്റന്റു മതസ്ഥനായ ലോർഡ് മക്കാളിയുടെ സ്മരണീയവാക്യം ഈ കൂട്ടർ സദാ മനസ്സിൽ ധരിച്ചുകൊള്ളട്ടെ. 'യൂറോപ്പിന്റെ വടക്കുഭാഗത്തുനിന്നു വല്ലൊരുത്തൻ ലണ്ടൻപട്ടണത്തിൽവന്നു ആ പട്ടണം ജീർണ്ണാവസ്ഥയിൽ കിടക്കുന്നതായി കണ്ടെത്തുന്നകാലം വന്നേക്കാം! എന്നാൽ അന്നും പാപ്പായുടെ ശ്രേഷ്ഠാധിപത്യം യൌവ്വനദശയിൽ പ്രശോഭിച്ചുതന്നെയിരിക്കും.' എന്നത്രെ മക്കാളിയുടെ അഭിപ്രായം. ലണ്ടൻപട്ടണം നശിക്കുന്നതിനേക്കാൾ ഏററം എളുപ്പത്തിൽ പണ്ടേ തന്നെ ഉൾപ്പനി പിടിച്ചിരിക്കുന്ന നവീകരണ കക്ഷിയും, കുത്തഴിഞ്ഞ പുസ്തകത്തിന്നു തുല്യമായിരിക്കുന്ന യാക്കോബായ സഭയും അടുത്ത ഭാവിയിൽ നശിക്കയും കത്തോലിക്കാസഭ സൂര്യനെപ്പോലെ എന്നും ശോഭിക്കയും ചെയ്യും.

# മൂന്നുരാജാക്കളുടെ വരവ്.

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.)

തദനുമഹിത നീശപരാത്മജൻ തൻ
പദകുസുമംതൊഴുവാൻ നരേന്ദ്രർമൂവർ
കദന ഭരമകത്തുദിച്ചുവാട്ടം (ൽ
വദനസരോജമൊടെത്തി ജേർസലേമി

ജനപദമൊരുപോലെ സന്ത്യജിച്ചാ—
ത്തനതഭിലാഷ മവന്ധ്യമാക്കുവാനായ്
അനഘരവരുറച്ചനേകദേശം
വിനകലരാതെ കടന്നു ചേർന്നതമ്മിൽ.

ഒരുനവകിരണം കലർന്നതാരം
പെരുവഴികാട്ടിനയിക്കെഭൂപന്മാർ
പുരുരസമൊടുമാപ്പുരാന്തികത്തിൽ
വരുമള ഋക്ഷമഹോ! മറഞ്ഞുപോയി.

പകലിരവൊരുപോലവർക്കു കാന്തി—
പ്രകരമൊടും വഴികാട്ടിയായതാരം
അകതളിരിഴലാൽ ചലിക്കുമാറ—
ന്നകല്യകാല്യംലവമെത്തിയില്ലധൈര്യം.

ന്നവരർ നഗരിയിൽ കടന്നു "യൂദ—
ക്കവനിപനേതൊരിടത്തിലുത്ഭവിച്ചു?
ഇവർതദുഡുവിനെ ക്കിഴക്കു കണ്ടി—
ട്ടവനെനമിപ്പതിന്നെത്തി'യെന്നുചൊല്ലി.

ജനഗണമിതുകേട്ടനേരമോരോ—
നിനവുകളേവനുമുത്ഭവിക്കമൂലം
മനമനുപമമായ് ചലിക്കയാലാ—
ട്ടിനമതിയായ കുഴപ്പമെങ്ങുമുണ്ടായ്

കുടിലഹൃദയനായയൂദയാതൻ
കൊടിയ നരേന്ദ്രനിതാത്മചാരർമൂലം
അടിമുതൽമുടിയോളവും വിറച്ച—
ന്നിടിനിനദംഫണിപോലെകേട്ടുഞെട്ടി.

അശുഭചരിതനുഗ്രമൂർത്തി മൂർഖൻ
പിശുനജനാഗ്രിമനാംനരേന്ദ്രനപ്പോൾ
പശുവിനുസ,മാവിശുദ്ധനാകും
ശിശുവിനപായമണയ്ക്കുവാനുറച്ചു.

പ്രജകളിലഹിതം വരുത്തിടാതാ-
ന്നിജഹിതമാശു നടത്തിടുന്നതിന്നായ്
സുജനമണികളാം നൃപാലരെത്തൻ
രുജയെ മറച്ചു സദസ്സിലാനയിച്ചു.

അവരുടെ വചനം നിമിത്തമെല്ലാം-
വിവരവുമുള്ള പടിക്കറിഞ്ഞനേരം
അവനഴലതിയായുയർന്നു ജീവ-
ഭവസമനായ് ഗുരുവര്യനേവരുത്തി.

'വിരുതൊടുമിശിഹാപിറന്നിടും ശ്രീ-
പെരുകിടുമപ്പുരമേതിവണ്ണ'' മപ്പോൾ
അരുളി നിഗമസാരവേദിയാകും
ഗുരുവരനോടു നികൃഷ്ടനാം നരേന്ദ്രൻ.

ഗുരുവരനതിനുത്തരം "മിഖായേ(മിൽ
സരുളിയൊരാമൊഴിപോലെ ബെസ്ലഹേ
നിരുപമനഭിഷിക്തനുൾക്കരുന്നിൽ
കരുണകലർന്നുപിറക്കു"മെന്നു ചൊല്ലി.

ചതിപെരുകിയദുഷ്ടബുദ്ധിയാകും
ക്ഷിതിപതി ഭീതി മറച്ചു കൊണ്ടുമന്ദം
അതിഥിനൃവരരോടു ഗോപ്യമായി-
ച്ചതിയൊരുകൗശലമോർത്തിവണ്ണമോതി.

"നിധികര ഗതമാസ്സുകഴിഞ്ഞു; യൂദ-
ക്കധിപതിയാംമിശിഹാപിറന്നദേശം
അധികമകലെയല്ല; ബേസ്ലഹേമിൽ(ൻ
സുധിവരർനിങ്ങൾഗമിച്ചുകണ്ടുകൊൾവി

"അരിയ ഗണിതശാസ്ത്രതത്വമെല്ലാം
ശരിയൊടു നിങ്ങളഭ്യസിക്കമൂലം
ത്വരിതമഭിനവക്ഷമാധവൻ ത-
ന്നരികിലണഞ്ഞിടുവാൻ ഭവിച്ചു ഭാഗ്യം.

"പുതിയ നൃപതിയേ നമിച്ചുമന്ദം
കൃതിവരർ നിങ്ങൾമടങ്ങിവന്നിടേണം;
അതിനു പിറകുചെന്നു കണ്ടെനിക്കാ-
ക്ഷിതിപതിതൻ ചരണംവണങ്ങിടേണം.

"അരുതിനിവെറുതേവിളംബനം, പോയ്
വരുവി"നിതൻപുനടിച്ചുചൊല്ലിവേഗം
പുരുഷമണികളാം നരേന്ദ്രരെ പ-
ന്നുരുകിടുമുള്ളൊടയച്ചു നീചനീശൻ.

ക്ഷിതിപരവിടെ നിന്നിറങ്ങിമന്ദം(ൽ
സൃതിയിലണഞ്ഞുവിയത്തിൽനോക്കിയപ്പോ
മതി തെളിവു പെടും പടിക്കുതാരം
കതിരതിവേല മിയന്നു കണ്ടുമുമ്പിൽ.

അരിയമണികളഞ്ഞ പിമ്പൊരുത്തൻ
കരിയുമൊരാസ്യമൊടുംതിരഞ്ഞിടുമ്പോൾ
തിരികെയതു ലഭിച്ചപോലെമോദം
ത്വരിതമവർക്കതാരിലുത്ഭവിച്ചു.

സരസമൃദുവിനെത്തുടർന്നു പിമ്പാ-
നരവരപുംഗവരെത്തി ബേസ്ലഹേമിൽ;
കിരണനിര ചൊരിഞ്ഞൊടുക്കമൃക്ഷം
പരമതൊഴുത്തിനു മേൽവശത്തുനിന്നു.

ഘടിതകുതുകമാകുമുള്ളമോടും
ഝടിതിതൊഴുത്തിലണഞ്ഞു ഭൂമിപന്മാർ;
വടിവൊഴുകിടുമീശനന്ദനൻത-
ന്നടിമലരിൽ പ്രണമിച്ചു ഭക്തിപൂർവ്വം.

കരളിനുകുതുകം ചൊരിഞ്ഞലോകോ-
ത്തരമഹിമാവു വിളങ്ങുമാക്കിശോരൻ
ധരയിലവതരിച്ച ദേവനെന്നാ-
നരവരർ മൂവരുമാശു നിശ്ചയിച്ചു.

നര,നധിപതി ദൈവമെന്നിതെല്ലാം
ധരണിതലത്തിൽ വെളിപ്പെടുത്തുവാനായ്
സരഭസമവർ പൊന്നു, കുന്തിരിക്കം,
മുരളിവ ദേവസുതന്നുകാഴ്ചവെച്ചു.

കരുണ വിലസുമാക്കിടാവിനോമൽ-
ത്തിരുമിഴിതൻ വിളയാട്ടമേറനേരം
അരുണസരസിജങ്ങളർക്കനാലേപോൽ
ല്ലരുതതരകാന്തി നൃപാനനങ്ങൾ തേടി.

അരിയമധുസുമത്തിലെന്നപോൽ പു-
ഞ്ചിരി,ശിശുവിൻവദനത്തിൽ മിന്നിയപ്പോൾ
കരിയുമിളയ വള്ളി മരിയാൾപോൽ
ത്വരിതമവർക്കു തഴച്ചിതാത്മശക്തി.

വരനിരവിലസുന്ന വാനവന്മാർ
നിരവധി ഭക്തികലർന്നുകൂപ്പുമീശൻ
നരവടിവു വരിച്ചതോർത്തുപേർത്താ-
നരവരരത്ഭുത സിന്ധുവിൽകുളിച്ചു.

നിയതമരിയനന്മ പാരിലെങ്ങും
നയപരനായരുളുന്ന ദൈവപുത്രൻ
സ്വയമഗതിപദം വഹിച്ചൊരോമൽ-
ദ്ദയനിരൂപിച്ചവർ ബാഷ്പധാരവാർത്തു.

വരദനമലനീശനന്ദനൻതൻ
പരമതമം വിനയം നിനച്ചുമൂലം
ധരയിലെ നിലയറാവാഴ്ചയിന്മേൽ
വിരസമവർക്കു മനസ്സിലങ്കുരിച്ചു.

സുമനിരവിലസും മഹീരുഹത്തിൽ
ഭ്രമരഗണത്തിനു തുല്യമന്നുരാവിൽ
വിമലമകുടമാകുമുണ്ണിയേക്ഷ്മാ-
രമണർ ഭജിച്ചവിടത്തിലാവസിച്ചു.

ഭുവനാഖിലനാഥ നന്ദനൻ തൻ
കിരണഭരം ചൊരിയുന്ന ദിവ്യരൂപം
കരളിലിടവിടാതുദിക്കകൊണ്ടാ—
നരവരരെത്ര ശരിക്കുറങ്ങിയില്ല.

കപടനിരതനായ യൂദഭൂപൻ
നൃപനകമേവളരുന്നൊരീഷ്യ പാടനൊൻ
ക്ഷപയിലവരൊട്ടോതിയെന്നമൂലം
നൃപതികൾവേറൊരുമാർഗ്ഗമായ് മടങ്ങി.

# ദനഹാ തിരുനാൾ.

(റവ. ഫാദർ സൈമൺ സി. ഡി.)

"അവർ വീട്ടിൽ പ്രവേശിച്ചു പൈതലിനെ തന്റെ മാതാവായ മറിയത്തോടുകൂടെ കാണുകയും, സാഷ്ടാംഗം വീണു അതിനെ ആരാധിക്കയും, അവരുടെ നിക്ഷേപങ്ങൾ തുറന്നു പൊൻ, മുരുൾ, കുന്തിരിക്കം എന്ന കാഴ്ചകൾ അതിനെക്കു സമർപ്പിക്കയും ചെയ്തു. (മത്തായി. II. 11–12.)

ജനുവരി മാസം 6–ാംനു- ആഘോഷിക്കപ്പെടുന്ന ദനഹാത്തിരുനാൾ സംബന്ധിച്ച ചരിത്രം വി. മത്തായി ഏവൻഗേലിസ്തായുടെ സുവിശേഷം രണ്ടാം അദ്ധ്യായത്തിൽ പൂർണ്ണമായി വിവരിക്കപ്പെടുന്നുണ്ട്. ലോകരക്ഷനാഥന്റെ പിറവിയിങ്കൽ ഒരസാധാരണ നക്ഷത്രം കാണപ്പെട്ടതും, അതിന്റെ ഗതിയേ പിന്തുടൎന്നു കിഴക്കുനിന്നു ശാസ്ത്രികളായ മൂന്നു രാജാക്കന്മാർ ഓർശലെമ്മിൽ വന്നതും, ഹേറോദേസ് രാജാവിന്റെ ഭയങ്ങളും, നക്ഷത്രം വീണ്ടും കാണപ്പെട്ടു രാജാക്കളേ ബെത്ലഹെമ്മിലേക്കു വഴികാണിച്ചു കൊണ്ടുപോയതും, അവർ രക്ഷിതാവിനേ ആരാധിച്ച ശേഷം, ദൈവ അറിയിപ്പാൽ ഹേറോദേസിന്റെ പക്കലേക്കു പിന്തിരിയാതെ, മറ്റു വഴിക്കു സ്വന്തരാജ്യത്തേക്കു മടങ്ങിയതും ഇവ മുതലായി ഈ തിരുനാൾ സംബന്ധിച്ച എല്ലാ വിവരങ്ങളും ഇന്നത്തേ പൂജയിൽ വായിക്കപ്പെടുന്ന മേല്പറഞ്ഞ സുവിശേഷ ഭാഗത്തിൽ ഒരു ചിത്രത്തിലെന്നപോലെ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നു നമ്മുടെ ആത്മിക പ്രയോജനത്തിനു ഉപകരിക്കുന്നവയായ ചില സംഗതികളേ നാം ആലോചിച്ചു കാണണം.

ആദ്യം തന്നെ മ്ഗ്രശേന്മാരെപ്പറ്റി ആലോചിക്കാം. കിഴക്കു നിന്നു മ്ഗ്രശേന്മാർ വന്നു എന്നു സുവിശേഷത്തിൽ പറയപ്പെട്ടിരിക്കുന്നു. അതായതു പലസ്തീനാദേശത്തിനു കിഴക്കുള്ള ചില രാജ്യങ്ങളിൽനിന്നാണു അവർ ആഗമിച്ചതു്. പേർസ്യാ മേദിയാ ഇൻഡ്യാ എന്നീ രാജ്യങ്ങളിൽനിന്നത്രേയെന്നു പാരമ്പൎയ്യമായി വിശ്വസിക്കപ്പെട്ടുവരുന്നു. ഇസ്രായേൽ ജനങ്ങൾ ബാബേലിൽ അടിമകളായി താമസിച്ചിരുന്ന കാലങ്ങളിൽ ദാനിയേൽ ദീൎഘദൎശി വഴിയായി ലോകരക്ഷനാഥന്റെ പിറവിസംബന്ധിച്ചുള്ള സാഹചൎയ്യങ്ങളേക്കുറിച്ചും, അനന്തരം ബാലാം എന്ന ദീൎഘദൎശിമൂലം അക്കാലത്തിൽ പ്രത്യക്ഷപ്പെടാനിരുന്ന ഒരു നക്ഷത്രത്തേക്കുറിച്ചും കിഴക്കേദേശങ്ങളിലുള്ള വിഗ്രഹാരാധനക്കാരായ ജനങ്ങൾ പോലും അറിഞ്ഞിരുന്നതിനാൽ മ്ശിഹായുടെ പിറവിയിങ്കൽ കാണപ്പെട്ട അസാധാരണമായ ആ നക്ഷത്രത്തെ കണ്ടയുടനേ ജ്യോതിശാസ്ത്രജ്ഞന്മാരായ പ്രസ്തുത കാവ്യരാജാക്കന്മാർ, നവമായി പിറന്നരാജാവിനേ കണ്ടു ആരാധിക്കുന്നതിനുവേണ്ടി ഇറങ്ങിപ്പുറപ്പെടുകയാണുണ്ടായതു്. അത്ഭുതമായ ആ നക്ഷത്രത്താൽ നടത്തപ്പെട്ടു ദീൎഘയാത്രകഴിച്ചു്, അവർ ബേസ്ലഹമ്മിൽ എത്തുകയും, സത്യവിശ്വാസത്തിന്റെ വെളിച്ചം പ്രാപിക്കുന്നതിനുള്ള ഭാഗ്യം അവൎക്കു സിദ്ധിക്കയും ചെയ്തു.

ഇതാ ഇപ്രകാരം വിഗ്രഹാരാധനക്കാരായ പുറജാതിക്കാരിൽ സത്യവിശ്വാസത്തിന്റെ പ്രകാശം ആദ്യമായി ഉദിപ്പാനിടയായി. ഇതിനാലത്രേ ഈ തിരുനാൾ 'ഉദയം' എന്നർത്ഥമുള്ള ദെനഹാ എന്നു സുറിയാനിയിൽ പറയപ്പെടുന്നതു. ഗാഢമായ ആലോചനയ്ക്കു വിഷയമാകേണ്ട ഒരു സംഗതി ഇവിടെ ഓർമ്മിക്കേണ്ടതുണ്ടു. നമ്മുടെ ദിവ്യരക്ഷനാഥൻ ലോകമൊക്കെയുടേയും രക്ഷയ്ക്കുവേണ്ടി മനുഷ്യനായിപ്പിറന്നു; ആരംഭത്തിൽതന്നെ അത്ഭുതമായി രക്ഷയുടെ വെട്ടത്തെ ഈ കിഴക്കേരാജ്യങ്ങളിൽ പ്രകാശിപ്പിക്കയും ചെയ്തു. ഈ ഉദയംകഴിഞ്ഞിട്ടു ൲൯൱൨൰ സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. അജ്ഞാനാന്ധകാരം പണ്ടേയ്ക്കുപണ്ടേ സർവ്വത്ര നീങ്ങേണ്ടതായിരുന്നു. എങ്കിലും ഇപ്പോഴും എങ്ങിനെയിരിക്കുന്നു? നമ്മുടെ ഈ ഇൻഡ്യാരാജ്യത്തിന്റെ സ്ഥിതിതന്നെ ഓർത്തുനോക്കുക. ൩൰ കോടി ൮൰ ലക്ഷത്തിലധികം ജനങ്ങളുള്ളതിൽ, ഹാ! നിർഭാഗ്യമേ! ൩൰ ലക്ഷത്തോളം ആളുകളൊഴികെ ശേഷമെല്ലാവരും ഇപ്പോഴും ദുഷ്ടപ്പിശാചിന്റെ അടിമയിലും, വിഗ്രഹാരാധനയുടെ ഇരുളിലും കിടക്കുന്നു. ഹാ! ഈശോയുടെ തിരുഹൃദയത്തിനു ഇതു് എത്രയോ സഹിച്ചുകൂടാത്ത ഒരു നിലയായിരിക്കുന്നു. ഈ ഭയങ്കരസംഗതി വല്ലപ്പോഴും നമ്മുടെ ഓർമ്മയിൽ വരുന്നുണ്ടോ! അതിനെ പരിഹരിക്കുന്നതിനായി നാം എന്തുചെയ്തുവരുന്നു.?

നമുക്കു കിട്ടിയിരിക്കുന്ന വിശ്വാസത്തിന്റെ ദാനത്തേക്കുറിച്ചു ഇടവിടാതെ ദൈവത്തിനു സ്തോത്രംചെയ്യുന്നതോടുകൂടി, അവിശ്വാസികളായ നമ്മുടെ ഈ കോടാകോടിസഹോദരന്മാരേ വിശ്വാസവെളിച്ചത്തിലേക്കു കൊണ്ടുവരുന്നതിനു നിരന്തരമായി ശ്രമിക്കുന്നതിനുള്ളകടവും നമുക്കുണ്ടായിരിക്കുന്നു. നരകപാതാളത്തിലേക്കു, കുരുടന്മാരായി ഇവർ പാഞ്ഞുപോകുന്നതിനെ കണ്ടുകൊണ്ടു നാം മൌനമായിരുന്നാൽ അതു മഹാ ക്രൂരതയായിരിക്കയില്ലയോ. ആകയാൽ ആദ്യംതന്നെ ദൈവപിതാവിന്റെ അനുഗ്രഹത്തിന്റെ സിംഹാസനത്തിൻ മുമ്പാകെ കണ്ണുനീരോടേ നാം പ്രാർത്ഥിക്കണം. ലോകത്തിന്റെ മറ്റുഭാഗങ്ങളെല്ലാം സത്യത്തിലേക്കുതിരിഞ്ഞുവരികയിൽ ഇളകാത്ത പാറപോലെ ഉറച്ചിരിക്കുന്ന ഈ ജനത്തിന്റെ മനസ്സിനെ തിരിക്കുന്നതിനു കർത്താവിനോടു എപ്പോഴും അപേക്ഷിക്കണം. ഇതുകൂടാതെ ഇപ്രകാരമുള്ള വേദപ്രചാര വേലകൾക്കായി പാടുള്ള സഹായങ്ങൾ ചെയ്തുകൊണ്ടു നമ്മുടെ നല്ല ആഗ്രഹങ്ങളേ പ്രവൃത്തിയിൽ വരുത്തേണ്ടിയിരിക്കുന്നു. അഗതികളായ സാധുക്കളേ വേദപാഠങ്ങൾ അഭ്യസിപ്പിച്ചു ജ്ഞാനസ്നാനപ്പെടുത്തുന്നതിലേക്കു ദ്രവ്യസഹായം ഒഴിച്ചുകൂടാത്തതാകയാലും, അപ്രകാരമുള്ള സഹായമുണ്ടാകുന്നപക്ഷം അങ്ങിനെയുള്ള അനവധിയാളുകളെ വേദവെളിച്ചത്തിലേക്കു കൊണ്ടുവരുന്നതിനു നമ്മുടെ ഈ ഇടങ്ങളിൽ സാധിക്കുന്നതാകയാലും, യഥാശക്തി ഈ വിഷയത്തിൽ സഹായിക്കുന്നതിനു, ആത്മരക്ഷയുടെ കാര്യത്തിൽ താല്പര്യമുള്ളവരാരുംതന്നേ അമാന്തിക്കരുതാത്തതാകുന്നു.

എന്നാൽ ഇതിലൊക്കെ പ്രധാനമായി, നക്ഷത്രംവഴിയായി മൂന്നുരാജാക്കൾ എപ്രകാരം ദിവ്യരക്ഷനാഥന്റെ പക്കലേക്കുവന്നുവോ, അപ്രകാരം തന്നേ അവിശ്വാസികളായ നമ്മുടെ സഹോദരന്മാരേ അങ്ങേ വിശ്വാസത്തിലേക്കു കൊണ്ടുവരുന്നതിനുള്ള നക്ഷത്രങ്ങൾപോലെ നാം ആയിത്തീരേണ്ടിയിരിക്കുന്നു. ക്രിസ്ത്യാനികൾക്കടുത്ത പരിശുദ്ധജീവിതത്താലും, സുകൃതകൃത്യങ്ങളാലും അവരേ ദൈവത്തിൻ പക്കലേക്കു ആകർഷിക്കുന്നതു അത്യന്തം ഫലപ്രദമായ മാർഗ്ഗമായിരിക്കും. ഇതാ ഇപ്രകാരമത്രെ മാർ പക്കോമിയൂസ് എന്ന മഹാപുണ്യവാൻ അജ്ഞാനമാർഗ്ഗത്തേ വിട്ടു ക്രിസ്ത്യാനിയാകുവാൻ ഇടയായതു്. ഇദ്ദേഹം റോമ്മാ ചക്രവർത്തിയായിരുന്ന മഹാനായ കൊൻസ്റ്റന്തീനോസിന്റെ സൈന്യത്തിൽചേർന്നു യുദ്ധത്തിനായിപ്പോകയിൽ, സൈന്യമാസകലം യാത്രാക്ഷീണത്താൽ തളർന്നു ക്രിസ്ത്യാ

നികൾ അധിവസിച്ചിരുന്ന ഒരു പ്രദേശത്തു എത്തുകയും, പ്രസ്തുത ക്രിസ്ത്യാനികൾ അവരേ ആചാരോപചാരപൂർവ്വം കൈക്കൊണ്ടു സല്ക്കരിക്കുകയും ചെയ്തു. അപ്പോൾ, ഇത്രസൽസ്വഭാവികളായ ഈ ജനങ്ങൾ ആരെന്നു പടയാളിയായ പക്കാമിയൂസ് അന്വേഷിച്ചു. തങ്ങളുടെ സമസൃഷ്ടങ്ങളേ തങ്ങളെപ്പോലെതന്നെ സ്നേഹിക്കുന്നതിനു അവരുടെ വേദത്താൽ കല്പിക്കപ്പെട്ടിരിക്കുന്നവരായ ക്രിസ്ത്യാനികൾ എന്നൊരുക്കൂട്ടം ജനങ്ങളാണ് അവരെന്നു മറുപടി കിട്ടി. ഇതുകേട്ടു ആയോദ്ധാവു ക്രിസ്ത്യാനിയാകുന്നതിനു നിശ്ചയിക്കുകയും, പിന്നീട് ജ്ഞാനസ്നാനം കൈക്കൊണ്ടു താപസജീവിതം അനുഷ്ഠിച്ചു മഹാ പുണ്യവാനായി തീരുകയും ചെയ്തു. ആകയാൽ സാരമായ ഈ സംഗതികൾ ആഴമായി നമ്മുടെ ഹൃദയത്തിൽ പതിഞ്ഞു പ്രവൃത്തിയിൽ വരുത്തുവാൻ ഇടയാകുവാൻ വേണ്ടി നമുക്കു ഇങ്ങനെ പ്രാർത്ഥിക്കാം.

"സർവ്വലോകത്തേയും രക്ഷിക്കുന്നതിനുവേണ്ടി മാനുഷനായി അവതരിച്ച അത്യുന്നതദൈവമേ! നിന്റെ വിശ്വാസത്തിന്റെ വെട്ടം ഇനിയും പ്രകാശിക്കാത്ത ഈ നിർഭാഗ്യദേശങ്ങളുടെമേൽ കൃപയായിരിക്കണമേ! അജ്ഞാനികളുടെ കടിഞ്ഞൂൽഫലമായ മൂന്നുരാജാക്കളേ! നിങ്ങളുടെ ഈ നാട്ടുകൾ അവിശ്വാസാന്ധകാരത്തിൽനിന്നും രക്ഷ പ്രാപിപ്പാൻ നിങ്ങളുടെ മോക്ഷസിംഹാസനങ്ങളിൽനിന്നു നിങ്ങൾ പ്രാർത്ഥിപ്പിൻ! ഈ രാജ്യങ്ങൾക്കുവേണ്ടിയുള്ള ഞങ്ങളുടെ അപേക്ഷകളേ ദൈവത്തിൻപക്കൽ നിങ്ങൾ കാഴ്ചവക്കുവിൻ. ഞങ്ങളുടെ ശക്തികൊണ്ടും, ആസ്ഥികൊണ്ടും, നല്ല ദൃഷ്ടാന്തങ്ങൾകൊണ്ടും ഈ ജനങ്ങളേ ദൈവത്തിലേക്കു ആകർഷിപ്പാൻ ഞങ്ങൾ ഉറച്ചിരിക്കുന്നു. മറിയമേ! പാപികളുടെ ആശ്രയമേ! ഞങ്ങളുടെ ഈ പ്രതിജ്ഞകളേ ദിവ്യഉണ്ണിയുടെ തിരുഹൃദയത്തിനു കാഴ്ചകൊടുക്കണമേ!"

ആമ്മേൻ.

# ദിവ്യകാരുണ്യസമ്മേളന മദ്ധ്യസ്ഥൻ.

(റവ. ഫാദർ അഗസ്റ്റിൻ, നടയം.)

മൂന്നാണ്ടുകളെ അപേക്ഷിച്ച് ഏറ്റവും വിപുലമായ തോതിൽ ചിക്കാഗോയിൽവെച്ച് ഇക്കഴിഞ്ഞ ജൂൺമാസത്തിൽ നടത്തപ്പെട്ട സർവ്വരാജ്യ ദിവ്യകാരുണ്യ സമ്മേളനത്തെപ്പറ്റി കേൾക്കാത്തവർ ഇക്കാലത്തുണ്ടാകയില്ല. ഇതിന്റെ ആശാസ്യ വിജയത്തിൽ ആനന്ദതുന്ദിലരായിരിക്കുന്ന ഏവർക്കും ഇപ്രകാരമൊരു മഹാ പ്രസ്ഥാനത്തിന്റെ മദ്ധ്യസ്ഥൻ ആരായിരിക്കുമെന്ന് അറിയുന്നതിന് സ്വാഭാവികമായ ഒരു വാഞ്ഛ ജനിക്കുന്നതാണ്. ആകയാൽ ഇത്തരുണത്തിൽ ഇതിന്റെ മദ്ധ്യസ്ഥനായ വി. പാസ്കൽ ബയിലോനേപ്പറ്റി അല്പം പ്രസ്താവിക്കുന്നതു ഉപകാരപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

കൂലിവേലക്കാർക്കു വി. ഇസിദോരിനേയും, സാഹിത്യകാരന്മാർക്കു വി. ഫ്രാൻസീസ് സാലസിനേയും, സംഗീതക്കാർക്കു വി. സെസിലിയായേയും, സഹോദരസ്നേഹപരമായ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു വി. വിൻസെന്റു ദെ പോളിനേയും, വേദശാസ്ത്രവിദ്യാ

ർത്ഥികൾക്ക് വി. തോമ്മാ മല്ലാദനേയും മ
ദ്ധ്യസ്ഥന്മാരും ആദർശപുരുഷന്മാരുമായി
തിരുസഭ പ്രഖ്യാപനം ചെയ്തിരിക്കുന്ന
തുപോലെ ദിവ്യകാരുണ്യ സമ്മേളന
ത്തിൻെറ മദ്ധ്യസ്ഥനായി പ്രഖ്യാപിത
നായിട്ടുള്ളതു ഫ്രാൻസിസ്കൻ സഭയിലെ
ഒരു തുണസഹോദരനത്രെ.

സ്പെയിനിൽ ആറഗോൺ എന്ന
സ്ഥലത്ത് വെയിലൺ എന്ന കുടുംബ
ത്തിൽ 1540-ാമാണ്ടു പന്തക്കുസ്താദിവ
സം ദിവ്യകാരുണ്യസമ്മേളനത്തിൻെറ
ഈ മദ്ധ്യസ്ഥൻ ജാതനായി. കുട്ടികൾ
ക്ക് അവർ ജനിക്കുന്ന ദിവസത്തെ പു
ണ്യവാൻെറ പേരിടുക എന്ന ഒരു പ
തിവ്വ് സ്പെയിനിലുണ്ട്. പന്തക്കുസ്താ
യെ പ. അരൂപിയുടെ 'പാസ്കു' എന്നാ
ണ് സ്പെയിൻകാർ വിളിച്ചുവരുന്നത്.
അതുമൂലം താൻ പാസ്കൽ നാമധാരി
യായി. തൻെറ മാതാപിതാക്കന്മാർ കൃ
ഷിചെയ്തും ആടുമാടുകളെ മേയിച്ചുമാ
ണ് കാലം കഴിച്ചു വന്നിരുന്നത്.

ഏഴു വയസ്സായപ്പോൾ പാസ്കൽ
ആടുകളെ മേയിക്കുന്നതിനു നിയമി
തനായി. ഇക്കാരണത്താൽ മാതൃഭാഷ
കൂടി ശരിയായി അഭ്യസിക്കുന്നതിന്
തനിക്ക് സാധിച്ചിട്ടില്ല. ചെറുപ്പം മു
തല്ക്കേ ദിവ്യകാരുണ്യത്തോടും, പ. ക
ന്യാസ്ത്രീയോടും വിശേഷഭക്തി പ്രദ
ർശിപ്പിച്ചിരുന്നു. 'നല്ല ഇടയൻെറ' അ
മ്മയുടെ കീഴിൽ തൻെറ ചെറിയ അ
ജഗണത്തെ സൂക്ഷത്തിനു ഏല്പിച്ചു. കൂ
ട്ടുകാരായ ആട്ടിടയന്മാരെ വേദപാഠം
പഠിപ്പിക്കുന്നതിനും വി. കുർബ്ബാനയെ
പ്പററി അവരോടു പ്രസംഗിക്കുന്നതി
നും, അതിൻെറ നേരെയുള്ള ഭക്തി അ
വരിൽ കത്തിക്കുന്നതിനും അയാൾ സ
ദാ ഉൽസുകനായിരുന്നു. വാക്കിലും പ്ര
വൃത്തിയിലും പാസ്കൽ അവക്കു ഒരു മാ
തൃകയായിരുന്നുവെന്ന് പറഞ്ഞാൽ എ
ല്ലാമായി. ആടു മേയിക്കുന്ന തൻെറ വ
ടിയുടെ തലയ്ക്കൽ പ. കന്യകയുടെ
പടവും ദിവ്യകാരുണ്യനാഥനെ അനു
സ്മരിക്കുന്നതിന് മൂന്നു കുരിശുകളും സ്വ
ന്തകരംകൊണ്ട് കൊത്തിയിരുന്നു. മേ
ച്ചിൽ സ്ഥലത്തായിരിക്കുമ്പോൾ ഈ വ
ടി നിലത്തു നാട്ടിനിറുത്തി അതിൻെറ
മുമ്പിൽ മുട്ടുകുത്തികൊണ്ടായിരുന്നു പാ
സ്കൽ പ്രാർത്ഥിച്ചു വന്നിരുന്നത്.

ഞായറാഴ്ച മാത്രമെ പള്ളിയിൽ
പോകുന്നതിനു തനിക്ക് അനുവദമുണ്ടാ
യിരുന്നുള്ളുവെന്നു വരുകിലും അരൂപി
യിൽ തൻെറ ദിവ്യകാരുണ്യ നാഥനോ
ടുകൂടി സദാ ജീവിച്ചിരുന്നു. പള്ളി
യിൽ പോകാത്ത അവസരങ്ങളിൽ
ദിവ്യപൂജയ്ക്കുള്ള മണിയുടെ സ്വരം എ
പ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കും. തി
രുഓസ്തി ഉയർത്തുന്ന മണി കേട്ടാലുടനെ
എവിടെയായിരുന്നാലും മുട്ടിന്മേൽ നിന്നു
വി. കുർബ്ബാനയെ ആരാധിക്ക പതിവാ
യിരുന്നു. ഒരു ദിവസം ഇങ്ങനെ അ
രാധിച്ചുകൊണ്ടു നിൽക്കുമ്പോൾ സ്നേ
ഹ പാരവശ്യത്താൽ 'എൻെറ നാഥാ,
ആരാധനയ്ക്കു യോഗ്യനായ എൻെറ നാ
ഥാ, ഹാ! അങ്ങേ ഞാൻ ഒരു കണ്ണു ക
ണ്ടുകൊള്ളട്ടെ' എന്ന് ഉച്ചത്തിൽ പറ
ഞ്ഞുകൊണ്ടു കൈക്കൂപ്പി നിലത്തു കു
മ്പിട്ടുവീണു; ഈ കാഴ്ചയാൽ ആശ്ചര്യ
ഭരിതരായി ആട്ടിടയന്മാർ ഓടിഎത്തി.
അപ്പോൾ ആകാശത്തിൽ ഒരു പ്രകാശം
കാണപ്പെട്ടു. 'മുട്ടു കുത്തുവിൻ, മുട്ടുകുത്തു
വിൻ' എന്നു നിലവിളിച്ചുകൊണ്ട് പ്ര
കാശംകണ്ട സ്ഥലത്തേയ്ക്കു പാസ്കൽ കൈ
ചൂണ്ടി. 'അതാ ദൂരത്തിൽ പൊൻകാ
സായും ശോഭയുള്ള കതിരുകൾ വീശു
ന്ന തിരുഓസ്തിയും നിങ്ങൾ കാണുന്നി
ല്ലേ. ഹാ! അതു വിശുദ്ധ കുർബ്ബാനയാ
ണ്. മാലാഖാമാർ അതിനെ ആരാധി
ക്കുന്നു. വരിക നമുക്കും അവരോടുകൂടെ
ആരാധിക്കാം' എന്നു പറഞ്ഞു. ഉടനെ
കാഴ്ച മറയുകയും ചെയ്തു. ആട്ടിടയൻെറ
ജോലി നോക്കിയിരുന്ന കാലത്ത് ത
ൻെറ സമയത്തിലധികഭാഗവും പ്രാ
ർത്ഥനയിലും, ദിവ്യകാരുണ്യസ്നേഹത്തി
ലും, ഉപവിക്കടുത്ത പ്രവൃത്തികളിലും
ചിലവഴിച്ചിരുന്നു.

ഇരുപത്തിനാലാമത്തെ വയസ്സി
ൽ തൻെറ ജീവിതത്തിൻെറ ഏകാ
ഗ്രഹം സാധിക്കുന്നതിന് ദൈവം തിരു
മനസ്സായി. ഫ്രാൻസിസ്കൻസഭയിലെ ഒ
രുസഹോദരനായി പാസ്കൽ സ്വീകരി
ക്കപ്പെട്ടു. ദിവ്യകാരുണ്യഭക്തിയിൽ നാ
ളുതോറും വർദ്ധിച്ചു വരികയും മറവുള്ള

വരിലും ഈ ഭക്തി ഉല്ലാദിപ്പിക്കുന്നതിനു് നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കയും ചെയ്തു.

വി. പാസ്കൽ തത്വശാസ്ത്രമാകട്ടെ വേദശാസ്ത്രമാകട്ടെ പഠിച്ചിട്ടില്ലായിരുന്നെങ്കിലും ദിവ്യകാരുണ്യത്തിന്റെ നേരെയുള്ള ഭക്തിമൂലം താൻ വിശുദ്ധ കുര്‍ബാനയുടെ ഒരു മഹാ ശാസ്ത്രിയായിതീര്‍ന്നു. ഒരിക്കൽ ഫ്രാൻസിൽക്കൂടി കടന്നുപോകുമ്പോൾ കാൽവിൻ സഭയിൽപ്പെട്ട ഒരു പാഷണ്ഡൻ വി. കുര്‍ബാനക്കു വിരോധമായി പ്രസംഗിക്കുന്നതു കേട്ടു. അപ്പോൾ ദിവ്യകാരുണ്യത്തിന്റെ നേരെ പുണ്യവാനുള്ള സ്നേഹം കത്തിഎരിയുവാൻ തുടങ്ങി. ഈ പാഷണ്ഡന്റെ അബദ്ധ പ്രസംഗത്തെ ഖണ്ഡിക്കാതെ പോകയെന്നോ? പതിതരുടെ തെററിദ്ധാരണാപടലത്തെ നീക്കി സത്യത്തെ വെളിപ്പെടുത്തേണ്ടതു് തന്റെ ധര്‍മ്മമല്ലെന്നോ? തന്റെ ദിവ്യകാരുണ്യനാഥന്റെ നേരെയുള്ള യഥാര്‍ത്ഥസ്നേഹം പ്രകടിപ്പിക്കേണ്ടതു് ഇപ്പോഴല്ലന്നോ? ഹാ അതൊരിക്കലുമില്ല. എന്നുതന്നെയുമല്ല ദിവ്യകാരുണ്യ രക്തസാക്ഷിയാകണമെന്നു് പണ്ടേതന്നെ പാസ്കലിനു് മോഹമുള്ളതാണു്. ഈ അവസരം അതിനു് പററിയതെന്നു അയാൾ തീര്‍ച്ചപ്പെടുത്തി. ഉടനെതന്നെ പതിതൻ പ്രസംഗിച്ച പീഠത്തിൽ കയറി ഒരു വി. ക്രിസോസ്തോമിന്റെ വാഗ്ധാടിയോടുകൂടി ദിവ്യകാരുണ്യത്തെപ്പററി പ്രസംഗിക്കുവാൻ ആരംഭിച്ചു. പതിതർ കോപാക്രാന്തരായെങ്കിലും ഇദ്ദേഹത്തിന്റെ ധീരകൃത്യംകണ്ടു് നിശ്ശബ്ദരായി നിന്നതേയുള്ളു. ഇതിനെ തുടര്‍ന്നു പതിത പ്രമാണികളുമായി ഒരു പ്രചണ്ഡ വാദപ്രതിവാദം നടന്നു. എന്തിനേറെപ്പറയുന്നു. പതിതർ പരാജിതരായി ഒന്നിനു പുറകെ ഒന്നായി സ്ഥലം വിടുകയാണുണ്ടായതു്. ഇവിടെ വെച്ചു് ദിവ്യകാരുണ്യ രക്തസാക്ഷിയാകാമെന്നു പാസ്കലിനുണ്ടായിരുന്ന അഭിലാഷം നിഷ്ഫലമായതിൽ അദ്ദേഹത്തിനു് വളരെ കുണ്ഠിതമുണ്ടായിരുന്നു.

പുണ്യവാന്റെ മരണാനന്തരമുണ്ടായ ഒരു അത്ഭുതവും പ്രത്യേകം വക്തവ്യമാണു്. താൻ വൈദികനല്ലാതിരുന്നതിനാൽ മരണാനന്തരം തന്റെ ശരീരം പള്ളിയിൽ അൽമേനികളുടെ ശരീരം വെക്കുന്ന മട്ടിൽ വെച്ചുകൊണ്ടു ദിവ്യപൂജ ആരംഭിച്ചു- തിരുഓസ്തി ഉയര്‍ത്തുന്ന മണിനാദം കേട്ടപ്പോൾ മൃതശരീരം തല അല്പം ഉയര്‍ത്തി കണ്ണുകൾ തുറന്നു്, തിരുഓസ്തി താഴ്ത്തുന്നതുവരെ നോക്കിക്കൊണ്ടിരുന്നതു കൂടെയിരുന്നവരെല്ലാം കണ്ടു അത്ഭുതപ്പെട്ടു.

പന്തക്കുസ്താദിനം ജനിച്ച തനിക്കു 1592-ലെ പന്തക്കുസ്താദിനം തന്നെ മരിക്കുന്നതിനുള്ള ഭാഗ്യവും സിദ്ധിച്ചു. മരിച്ചിട്ടു ഇരുപതാംകൊല്ലം ശവകുടീരം തുറന്നുനോക്കിയപ്പോൾ ശരീരം അക്ഷയമായി കാണപ്പെട്ടു.

1690-ാമാണ്ടു വിശുദ്ധന്മാരുടെ പട്ടികയിൽ തന്റെ പേരും സപ്തജ്ഞലിപികളിൽ എഴുതപ്പെടുകയും 1897-ൽ പതിമ്മൂന്നാം ലെയോൻ മാര്‍പ്പാപ്പാ ദിവ്യകാരുണ്യ സമ്മേളനത്തിന്റെ മദ്ധ്യസ്ഥനായി ഇദ്ദേഹത്തെ തിരഞ്ഞെടുക്കയും ചെയ്തു.

---

# മെത്രാഭിഷേക കര്‍മ്മം

(റവ. ഫാദര്‍ വില്യം ടി. ഒ. സി. ഡി., എം. എ. എൽ. ററി.)

മ്ശിഹാ തന്റെ സഭയെ, പഠിപ്പിക്കുന്ന സഭ, പഠിക്കുന്നസഭ എന്നു രണ്ടായി വിഭജിച്ചിരിക്കുന്നു എന്നു പുതിയനിയമചരിത്രത്തിൽനിന്നു വിശദമാ

കുന്നുണ്ടു്. പഠിപ്പിക്കുന്ന സഭയുടെ അംഗങ്ങളായിരുന്ന ശ്ലീഹന്മാൎക്കു മൂന്നു പ്രത്യേക അധികാരങ്ങളാണു കൊടുത്തതു്. ആദ്യമായി തന്റെ പരിശുദ്ധശരീരവും തിരുരക്തവും ബലി സമൎപ്പിക്കുന്നതിനുള്ള അധികാരം അവൎക്കു കൊടുത്തു. മ്ശിഹാ വി. കുർബ്ബാന സ്ഥാപിച്ചശേഷം ഇതു് എന്റെ ഓൎമ്മക്കായി ചെയ്യണം എന്നു കല്പിച്ചുകൊണ്ടാണു ബലി സമൎപ്പിക്കുന്നതിനുള്ള അധികാരം ശ്ലീഹന്മാൎക്കു നൽകിയതു്. നിങ്ങൾ പരിശുദ്ധാരൂപിയെ സ്വീകരിക്കുവിൻ; ആരുടെപാപങ്ങൾ നിങ്ങൾ മോചിക്കുന്നോ അതുകൾ മോചിച്ചിരിക്കുന്നു: ആരുടെ പാപങ്ങൾ പിടിക്കുന്നോ അതുകൾ പിടിച്ചിരിക്കുന്നു എന്നരുളിച്ചെയ്തുകൊണ്ടു രണ്ടാമത്തേതായ പാപവിമോചനാധികാരം അവൎക്കു താൻ കൊടുത്തു. മൂന്നാമതു് പഠിപ്പിക്കുന്നതിനുള്ള അധികാരം നൽകിയതു നിങ്ങൾ പോയി സകലജാതികളേയും പഠിപ്പിക്കു എന്നരുളിച്ചെയ്തുകൊണ്ടാണു്. ലോകാവസാനപൎയ്യന്തം സമൎപ്പണം, പാപവിമോചനം, മതപ്രസംഗം എന്ന മൂന്നു അധികാരങ്ങളും ഉപയോഗിക്കേണ്ടതാകയാൽ ഈ അധികാരം പിൻഗാമികൾക്കു കൊടുക്കുന്നതിനുള്ള പ്രത്യേക അധികാരവും മ്ശിഹാ തന്റെ ശിഷ്യന്മാൎക്കു നൽകിയിട്ടുണ്ടായായിരുന്നു. ശ്ലീഹന്മാരുടെ നടപടി 13-ാം അദ്ധ്യായത്തിൽ കാണുന്നതു പ്രത്യേകം ശ്രദ്ധാൎഹമാണു്. അന്ത്യോക്യായിലെ സഭാംഗങ്ങൾ ഉപവസിച്ചു ദൈവത്തോടു പ്രാൎത്ഥിച്ചപ്പോൾ ഞാൻ അവരെ വിളിച്ചിരിക്കുന്ന വേലക്കായി ശാവോലിനെയും ബർണ്ണബായേയും എനിക്കായി വേർതിരിക്കു എന്നു പരിശുദ്ധാരൂപി കല്പിച്ചു. ആകയാൽ അവർ ഉപവസിച്ചു പ്രാൎത്ഥിച്ചശേഷം അവരുടെമേൽ കൈവച്ചിട്ടു അവരെ അയച്ചു.

ആദിമ ക്രിസ്തീയസഭയിൽ മെത്രാന്മാരെ അഭിഷേകം ചെയ്തിരുന്ന രീതിയാണു് ഈ വാക്യങ്ങളിൽ ചുരുക്കത്തിൽ വിവരിച്ചിരിക്കുന്നതു്. കത്തോലിക്കസഭയിൽ പൂൎവ്വാചാരങ്ങൾ അന്യൂനം സംരക്ഷിച്ചുവരുന്നതുകൊണ്ടു നടപടിയാഗമത്തിൽ പറഞ്ഞിരിക്കുന്ന വിധം തന്നെയാണു് ഇന്നും മെത്രാഭിഷേകം നടക്കുന്നതെന്നു പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. മെത്രാൻസ്ഥാനത്തിനുള്ള ആളിനെ നിൎണ്ണയിക്കുന്നതു പരിശുദ്ധാരൂപിതന്നെയാണു്. ശാവോലിനെയും ബർണ്ണബായേയും പരിശുദ്ധാരൂപി നേരിട്ടു തിരഞ്ഞെടുത്തു. ഇന്നത്തെ മെത്രാന്മാരെ പരിശുദ്ധാരൂപിയുടെ പ്രത്യേകസഹായം ലഭിച്ചിട്ടുള്ള നമ്മുടെ പരിശുദ്ധ പിതാവുതന്നെ തിരഞ്ഞെടുക്കുന്നു. ആളുകളുടെ യോഗ്യത സംബന്ധിച്ചുവേണ്ട തിരക്കങ്ങളും മറ്റും ചെയ്യാതിരിക്കുന്നില്ല. ഇതു പരിശുദ്ധാരൂപിയുടെ സഹായത്തിൽ ശരണമില്ലാഞ്ഞിട്ടല്ല, പ്രത്യുത മാനുഷികകാൎയ്യങ്ങളിൽ മാനുഷികമായ സകല പരിശ്രമങ്ങളും ചെയ്യാൻ മാൎപ്പാപ്പാക്കു ചുമതലയുള്ളതുകൊണ്ടാണു്. പ്രാൎത്ഥനയുടെ ശക്തിയിൽ ആശ്രയിച്ചു ദീൎഘമായി പ്രാൎത്ഥിച്ചശേഷമാണു മാൎപ്പാപ്പാ ഇക്കാൎയ്യം തീർച്ച ചെയ്യുന്നതു്. എന്നാൽ ഇപ്രകാരം മാൎപ്പാപ്പാ നിശ്ചയിക്കുന്ന ആളിനുള്ള അധികാരം റൂഹാദക്കുദശായിൽനിന്നു തന്നെയാണു ലഭിക്കുന്നതു്. മെത്രാന്മാർ തങ്ങളുടെ ഇടയലേഖനങ്ങളുടെ ആരംഭത്തിൽ ദൈവകൃപയാലെ ഇന്ന സ്ഥലത്തെ മെത്രാൻ എന്നുപറയുന്നതു ഈ സത്യത്തെസൂചിപ്പിക്കുന്നു. മെത്രാനായി നിയമിക്കപ്പെടുന്നയാൾ ഒരു പക്ഷേ പട്ടാഭിഷേകം സ്വീകരിക്കുന്നതിനു താമസം നേരിട്ടാലും മുറപ്രകാരമുള്ള നിയമസാക്ഷ്യപത്രം താൽക്കാലിക ഭരണകർത്താവിനെ കാണിച്ചു അദ്ദേഹത്തിൽനിന്നു ഭാരവാഹിത്വം സ്വീകരിക്കുമ്പോൾ ഭരണസംബന്ധമായ അധികാരങ്ങളെല്ലാം പ്രാപിക്കുന്നു. പിന്നീടു പട്ടം കൊടുക്കുക മുതലായ മെത്രാപ്പട്ടം സംബന്ധിച്ച അധികാരങ്ങൾ പട്ടാഭിഷേകം സ്വീകരിക്കുമ്പോൾ മാത്രമേ പ്രാപിക്കുന്നുള്ളൂ. പട്ടാഭിഷേകത്തിലെ സൎവ്വപ്രധാനമായ കൎമ്മം കൈവെപ്പാണു്. കൈവെപ്പു എല്ലാകാലങ്ങളിലും എല്ലായിടങ്ങളിലും അനുഷ്ഠിച്ചു പോന്നിരുന്നു. വേദപുസ്തകത്തിൽ പലഭാഗങ്ങളിലും കൈവെപ്പിനെപ്പററിപ്പറയുന്നുണ്ടു്. എന്റെ കൈ

വെപ്പുമൂലം നിന്നിലുള്ള ദൈവവരപ്രസാദത്തെ ഉണൎത്തി ഫലപ്രദമാക്കുന്നതിനു മറക്കരുത്. എന്നു വി. പൌലോസു സ്വശിഷ്യനായ തിമോത്തേയോസ മെത്രാനു എഴുതിയിരിക്കുന്നു. കൈവെപ്പിനോടുകൂടെ തൈലാഭിഷേകം മുതലായ ചടങ്ങുകളും തിരുസഭ ഏൎപ്പെടുത്തീട്ടുണ്ട്. തിരുസഭ നിശ്ചയിച്ചിരിക്കുന്ന ഈ ക്രമങ്ങൾ അല്പവ്യത്യാസംകൂടാതെ ശരിവരെ നിൎവ്വഹിക്കുന്നതിനു ഗൌരവമായ കടമയുണ്ട്.

മെത്രാഭിഷേകകൎമ്മം തിരുസഭയിലെ ദിവ്യകൎമ്മങ്ങളിൽ പലതുകൊണ്ടും പ്രധാനമായ ഒന്നാണ്. വൈദികസ്ഥാനത്തിന്റെ പൂൎണ്ണതയാണല്ലോ ഈ പട്ടംമൂലം കൊടുക്കുന്നതു. ഈ പൂൎണ്ണത പ്രാപിച്ചിട്ടുള്ള മെത്രാന്മാൎക്കു മാത്രമെ മെത്രാഭിഷേകം ചെയ്വാൻ അധികാരമുള്ളു. മെത്രാഭിഷേകം നടത്തുന്നതിനു മാൎപ്പാപ്പായുടെ ഉത്തരവു കൂടിയേ കഴിയൂ. മെത്രാഭിഷേക കൎമ്മത്തിന്റെ പരിപാവനതയെ ലക്ഷീകരിക്കുന്ന പല സാഹചൎയ്യങ്ങളുണ്ട്. ഈ വിശിഷ്ടകൎമ്മം നടത്തുന്നതു ഞായറാഴ്ചയോ മെത്രാന്മാർ ആരുടെ പിൻഗാമികളാണോ ആ ശ്ലീഹന്മാരുടെ തിരുനാൾ ദിവസമോ ആയിരിക്കണമെന്നാണു സഭാനിശ്ചയം. അഭിഷേചനം നിൎവ്വഹിക്കുന്ന മെത്രാനും സ്വീകരിക്കുന്ന മെത്രാനും തലേദിവസം ഉപവസിക്കണം. അഭിഷേകകൎമ്മം പുതിയ നിയമത്തിലെ പരിപാവനബലിയായ കുൎബ്ബാനയുടെ സമയത്താണു നിൎവ്വഹിക്കുന്നതു.

കൎമ്മത്തിന്റെ ചുരുക്കം ഏകദേശം താഴെ ചേൎക്കുന്നു. മെത്രാഭിഷേകത്തിനു നിശ്ചയിച്ചിരിക്കുന്ന നേരത്തു അഭിഷേകം ചെയ്യുന്ന മെത്രാൻ പൊന്തിഫിക്കാൾ വസ്ത്രങ്ങൾ ധരിച്ചു പ്രധാന പീഠത്തിന്റെ മുമ്പിലായി ഒരു ആസനത്തിൽ ഉപവിഷ്ടനാകുന്നു. തൽസമയം സഹായികളായ രണ്ടുമെത്രാന്മാരുടെ മദ്ധ്യേ, തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മെത്രാനും അദ്ദേഹത്തിന്റെ മുമ്പിൽ ആസനസ്ഥനാകുന്നു. ഉടനെ സഹായമെത്രാന്മാരിൽ മൂത്തയാൾ തിരുസഭയുടെ പേൎക്കു, തെരഞ്ഞെടുക്കപ്പെട്ടമെത്രാനു മെത്രാഭിഷേകം കൊടുക്കണമെന്നു അഭിഷേകമെത്രാനോടു അപേക്ഷിക്കുന്നു. മെത്രാഭിഷേകം മാൎപ്പാപ്പായുടെ കല്പനപ്രകാരമെ നടത്തിക്കൂടു. അതിനുള്ള ,കല്പന എല്ലാവരുടെയും അറിവിനായി വായിക്ക എന്നതാണു അടുത്ത ചടങ്ങ്. അനുമതി കല്പന വായിച്ചു കഴിഞ്ഞാലുടനെ തന്നെ അഭിനവമെത്രാന്റെ വിശ്വാസസത്യ പ്രസ്താവനയാണു നടക്കുന്നതു. അദ്ദേഹം അഭിഷേകകന്റെ മുമ്പിൽ മുട്ടുകുത്തി സത്യവാചകം വായിച്ചശേഷം തുറന്നിരിക്കുന്ന സുവിശേഷ പുസ്തകത്തിൽ കൈവെച്ചു സത്യം സ്ഥിരീകരിക്കുന്നു. വിശ്വാസ പ്രസ്താവനയുടെ ശേഷം സന്മാൎഗ്ഗനിഷ്ഠ വിശ്വാസപ്രതിപത്തി ആദിയായി ഒരു മെത്രാനു വേണ്ട സൽഗുണങ്ങൾ അന്യൂനം അഭ്യസിക്കുന്നതാണോ എന്നുള്ള ചോദ്യങ്ങൾക്കു യഥാക്രമം മറുപടി പറയുന്നു. ഇത്രയും കഴിഞ്ഞിട്ടു അഭിഷേകകൻ പൂജ ആരംഭിക്കുന്നു. അദ്ദേഹം പീഠത്തിലേക്കു കയറുമ്പോൾ അഭിനവമെത്രാനെ സഹായമെത്രാന്മാർ പൂജാവസ്ത്രങ്ങൾ ധരിപ്പിക്കുന്നു. ഈ സമയത്താണു മെത്രാന്റെ സ്ലീവാ ഇദ്ദേഹത്തെ ധരിപ്പിക്കുന്നതു. പൂജാവസ്ത്രങ്ങൾ ധരിച്ചശേഷം അദ്ദേഹവും കുൎബ്ബാന ആരംഭിക്കുന്നു. നിൎദ്ദിഷ്ട ഭാഗം വരേ കുൎബ്ബാന ചൊല്ലിയശേഷം അഭിഷേകകൻ ആസനസ്ഥനായി മെത്രാന്റെ കടമകൾ എന്തെല്ലാമെന്നു പ്രസ്താവിക്കുന്നു. നീതിനടത്തുക, വ്യാഖ്യാനം ചെയ്യുക, കൂദാശകൾ കൊടുക്കുക മുതലായ മെത്രാന്റെ ചുമതലകൾ പ്രസ്താവിച്ചശേഷം എഴുന്നേറ്റു നിന്നു കൂടിയിരിക്കുന്നവരോടു പുതിയ മെത്രാന്റെ മേൽ സൎവ്വവല്ലഭനായ ദൈവം തന്റെ വരപ്രസാദങ്ങൾ ചിന്തുന്നതിന്നു പ്രാൎത്ഥിക്കണമെന്നു ഉപദേശിക്കുന്നു. തൽക്ഷണം എല്ലാവരും മുട്ടുകുത്തി, സകലപുണ്യവാന്മാരുടെ ലുത്തിനിയാ എന്നു സാമാന്യം പറഞ്ഞുവരുന്ന പ്രാൎത്ഥനാഗീതം പാടുന്നു. അഭിനവമെത്രാനാകട്ടെ ഈ നേരത്തു സാഷ്ടാംഗം ചെയ്തു ദൈവത്തോടു പ്രാൎത്ഥിക്കുന്നു. വലിയ ലുത്തനിയായിൽ സാമാന്യം ചെയ്തുവരുന്ന പ്രാൎത്ഥനകൾ കഴി

ഞ്ഞു അഭിഷേകമെത്രാൻ എഴുന്നേറ്റു സ്ഥാനവടികയ്യിൽപിടിച്ചു തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മെത്രാനെ ആശീൎവ്വദിക്കണമെന്നും, ശുദ്ധീകരിക്കണമെന്നും അഭിഷേചനം ചെയ്യണമെന്നുമുള്ള പ്രാൎത്ഥന നടത്തുന്നു. ലുത്തിനിയാപാടിക്കഴിയുമ്പോൾ അഭിനവമെത്രാന്റെ തോളിലും കഴുത്തിലും സുവിശേഷപുസ്തകം വയ്ക്കുന്നു. മെത്രാന്റെ ഒരു പ്രധാന ചുമതല സുവിശേഷം പ്രസംഗിക്കുകയാണെന്നു ഇതിനാൽ ലക്ഷീകരിക്കുന്നു. ഇതിനെ തുടൎന്നു ചെയ്യുന്ന കൎമ്മമാണ് അഭിഷേക കൎമ്മത്തിൽ സൎവ്വപ്രധാനമായിട്ടുള്ളതു. അഭിഷേകമെത്രാനും സഹായികളും തെരിഞ്ഞെടുക്കപ്പെട്ട മെത്രാന്റെ തലയിൽ രണ്ടു കൈകളും വെച്ചു റൂഹാദ്കുദശായെ കൈക്കൊള്ളുക എന്നു ചൊല്ലുന്നു. ഈ കൈവെപ്പും അതിനെ തുടൎന്നുള്ള പ്രാൎത്ഥനകളുമാണ് പട്ടാഭിഷേകത്തിലെ കാതലായ ഭാഗങ്ങൾ. ഈ ജപങ്ങൾ കഴിഞ്ഞാലുടനെ അഭിനവ മെത്രാന്റെ ശിരസ്സും കൈകളും ക്രീസ്മാ എന്ന തൈലംകൊണ്ടു അഭിഷേചിക്കുന്നു. ഗുരുപ്പട്ടം കൊടുക്കുന്ന അവസരത്തിൽ നവവൈദികന്റെ കൈ അഭിഷേകം ചെയ്യുന്നതു ജ്ഞാനസ്നാനം കൈക്കൊള്ളാനുള്ളവരെ അഭിഷേകം ചെയ്യുന്ന എണ്ണകൊണ്ടാണ്. മെത്രാൻ പരിശുദ്ധാത്മാവിനെ പൂൎണ്ണമായി സ്വീകരിക്കേണ്ട ആളാണ് എന്നു ലക്ഷീകരിക്കാനാണ ക്രീസ്മാ തൈലം കൊണ്ടുതന്നെ അദ്ദേഹത്തെ അഭിഷേചനം ചെയ്യുന്നതു്.

അഭിഷേചനാനന്തരം മെത്രാൻ സ്ഥാനത്തിന്റെ ചിഹ്നങ്ങൾ അദ്ദേഹത്തിനു കൊടുക്കുന്നു. ആദ്യമായി മെത്രാൻ സ്ഥാനത്തിന്റെ വടിയാണ കൊടുക്കുന്നതു്. തന്റെ അജക്കൂട്ടത്തിന്റെ ഇടയനായ മെത്രാൻ വടി സ്വീകരിച്ചുകൊണ്ടു അജക്കൂട്ടത്തെ മേയിക്കുന്നതിനുള്ള ചുമതല ഏൽക്കുന്നു. രണ്ടാമതായി മെത്രാൻ തന്റെ രൂപതയുമായി ഒരു ജ്ഞാനവിവാഹം നടത്തുന്നു എന്നു ലക്ഷീകരിക്കാനായി ഒരു മോതിരം ആശീൎവ്വദിച്ചു് അദ്ദേഹത്തിന്റെ വലത്തു കൈയുടെ മൂന്നാമത്തെ വിരലിൽ ഇടുന്നു. ഇതിന്റെശേഷം പ്രസംഗിക്കണമെന്നുള്ള ഉപദേശത്തോടുകൂടെ സുവിശേഷപ്പുസ്തകം അദ്ദേഹത്തിന്റെ കൈയിൽ കൊടുക്കുന്നു.

സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചശേഷം അഭിഷേകമെത്രാനും അഭിഷിക്തമെത്രാനും പരസ്പരം സമാധാനത്തിന്റെ ചുംബനം ചെയ്തിട്ടു അഭിഷിക്തമെത്രാൻ തലയിലും കൈകളിലുമുള്ള ക്രീസ്മാ കഴുകുന്നു. പിന്നീടു കാഴ്ചവെപ്പുവരെ കുൎബ്ബാന തുടൎന്നു ചൊല്ലുന്നു. കാഴ്ചവെപ്പു കഴിഞ്ഞാലുടനെ അഭിഷിക്തമെത്രാൻ അഭിഷേചകനു ചില കാഴ്ചകൾ സമൎപ്പിക്കുന്നു. അവ അപ്പം, വീഞ്ഞു, മെഴുകുതിരി എന്നിവയാണ്. ഇതുകഴിഞ്ഞുള്ള കുൎബ്ബാന ഒരേ പീഠത്തിൽനിന്നു കൊണ്ടുതന്നെ ചൊല്ലുന്നു. രണ്ടുപേരും ഒരേ കാസായിൽനിന്നുതന്നെ തിരുച്ചോര ഉൾക്കൊള്ളുന്നു. കുൎബ്ബാനയുടെ കടശിയിൽ അഭിഷേക മെത്രാൻ മുടിയും കൈമസ്സും ആശീൎവ്വദിച്ചു അഭിഷിക്തനു കൊടുക്കുന്നു. ഇങ്ങനെ സ്ഥാനചിഹ്നങ്ങൾ എല്ലാം ധരിപ്പിച്ചശേഷം സഹായമെത്രാന്മാർ അഭിഷിക്തനെ സ്വന്തസിംഹാസനത്തിൻപക്കൽ കൂട്ടിക്കൊണ്ടുപോയി അതിൽ ഉപവിഷ്ടനാക്കുന്നു. തൽക്ഷണം അഭിഷേകമെത്രാൻ 'ലാകൽആലാഹ' എന്ന സ്തോത്രഗീതം ആരംഭിക്കുന്നു. മെത്രാഭിഷേകകൎമ്മം നടത്തുന്നതിനു സാധിച്ചതിൽ ദൈവത്തോടുള്ള കൃതജ്ഞത പ്രദൎശിപ്പിക്കുന്ന ഈ സ്തോത്രഗീതം പാടുന്നനേരത്തു അഭിഷിക്തൻ സഹായമെത്രാന്മാരുടെ അകമ്പടിയോടുകൂടെ പള്ളിയിൽ കൂടിയിരിക്കുന്ന ജനങ്ങളെ ചുററി നടന്നു ആശീൎവ്വദിക്കുന്നു. ഇതു കഴിഞ്ഞു മടങ്ങിപീഠത്തിങ്കൽ വന്നു ആഘോഷപൂൎവ്വം ജനങ്ങളെ ആശീൎവ്വദിക്കുന്നു. കടശി അഭിഷേചകന്റെ നേരെ തിരിഞ്ഞു മൂന്നുപ്രാവശ്യം മുട്ടുകുത്തി "ദീൎഘായുഷ്മാനായിരിക്ക?" എന്നു പാടുന്നു. ഇങ്ങനെ മെത്രാഭിഷേകകൎമ്മങ്ങളും അവസാനിക്കുന്നു.

## ആർസ്സിലെ വികാരിയുടെ

# വേദോപദേശ ക്ലാസ്സ്.

(റവ. പി. വി.)

### 2. ദൈവസ്നേഹം.

നമ്മുടെ ശരീരം ജീർണ്ണമായ ഒരു പാത്രമാകുന്നു. അത് മരണത്തിനും കൃമികൾക്കുമല്ലാതെ മറെറാന്നിനുമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. എങ്കിലും നമ്മുടെ ശ്രദ്ധയെ അർഹിക്കുന്ന വേറൊന്നുമില്ലാത്തവിധം സർവ്വപ്രധാനമായ ആത്മരക്ഷപോലും വിസ്മരിച്ച് ശരീരസുഖത്തിനായി നാം സദാ പ്രയത്നിക്കുന്നു. മൃഗങ്ങളെപ്പോലെ നമ്മെ സൃഷ്ടിക്കാതിരുന്നത് ദൈവത്തിന്റെ അനന്ത സ്നേഹം കൊണ്ടല്ലയോ? അതെ, സ്വന്ത ഛായയിലും രൂപത്തിലുമത്രെ അവിടുന്നു നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. ഹാ! മനുഷ്യൻ എത്രയോ ഉന്നതനായ സൃഷ്ടി!.

സ്നേഹാതിരേകത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് സ്നേഹം കൂടാതെ ജീവിക്കുക അസാദ്ധ്യം. ഒന്നുകിൽ അവൻ ദൈവത്തെ സ്നേഹിക്കുന്നു; അഥവാ തന്നെത്തന്നെയും ലോകത്തേയും സ്നേഹിക്കുന്നു. വിശ്വാസമാണ് നമുക്കാവശ്യം. വിശ്വാസമില്ലാത്തപ്പോൾ നാം അന്ധന്മാരത്രെ. കാഴ്ചയില്ലാത്തവൻ അറിയുകയൊ അറിയാത്തവൻ സ്നേഹിക്കയൊ ചെയ്യുന്നില്ല. ദൈവത്തെ അറിഞ്ഞു സ്നേഹിക്കാത്തവൻ തന്നെത്തന്നെയും തന്റെ ആഗ്രഹങ്ങളേയും സ്നേഹിക്കുന്നു. പുകപോലെ അസ്ഥിരമായ വസ്തുക്കളിൽ അവൻ ഹൃദയത്തെ സ്ഥാപിക്കുന്നു. നന്മയായോ യഥാർത്ഥമായോ ഒന്നും ഗ്രഹിക്കുവാൻ അപ്പോൾ അവനു കഴിയുന്നില്ല. സത്യമായ പ്രകാശമില്ലാത്ത അസ്ഥിരതയിൽ അസത്യവും അയഥാർത്ഥവുമല്ലാതെ ഒന്നും അവൻ കാണുന്നുമില്ല. അന്ധതയിലത്രെ അവന്റെ വാസം. സത്യമായ പ്രകാശം അവനുണ്ടായിരുന്നെങ്കിൽ, താൻ സ്നേഹിക്കുന്നവ നിത്യനാശത്തെമാത്രമേ പ്രദാനം ചെയ്യുകയുള്ളു എന്നും അവ നരകത്തിന്റെ പ്രതിഛായകളെന്നും അവർ ഗ്രഹിക്കുമായിരുന്നു.

ആകയാൽ ദൈവം ഒഴികെ സ്ഥിരമായ മറെറാന്നില്ല. ഇല്ല, യാതൊന്നുമില്ല. ജീവിതം അവസാനിക്കുന്നു; ഭാഗ്യം അസ്തമിക്കുന്നു; ആരോഗ്യം ഇല്ലാതാകുന്നു; ബഹുമതി കളങ്കിതമാകുന്നു; നാം കാററുപോലെ പറപ്പിക്കപ്പെടുന്നു; സകലവും ധ്രുതഗതിയിൽ നാശഗർത്തത്തിലേക്കു പ്രയാണം ചെയ്യുന്നു. ഇപ്രകാരമെങ്കിൽ ഹ! ദൈവമേ! ഈദൃശ വിഷയങ്ങൾക്ക് ഹൃദയത്തെ ബലികഴിക്കുന്നവരേക്കുറിച്ച് എത്ര വിലപിക്കേണ്ടിയിരിക്കുന്നു! ഹാ! അവയെ സ്നേഹിക്കുന്നതുമൂലമത്രെ അപ്രകാരം സ്വന്തഹൃദയത്തെ അവർ അവക്കു ബലിചെയ്യുന്നത്. അതല്ലാതെ അവരുടെ ഈ സ്നേഹത്തിനു തക്ക കാരണം വല്ലതുമുണ്ടോ? അവരുടെ സ്നേഹം അവരെത്തന്നെയും ആരായുന്നു. സ്രഷ്ടാവിനേക്കാൾ സൃഷ്ടികളെ അന്വേഷിക്കുന്നു. ഇതിനാലത്രെ അവർ ഒരിക്കലും സന്തുഷ്ടരും സമാധാനികളുമായി കാണപ്പെടാത്തത്. അതെ, അവർ സദാ അസന്തുഷ്ടർ, സദാ പീഡിതർ.

എന്നാൽ നല്ലക്രിസ്ത്യാനികൾ ഇഹലോകയാത്ര കഴിക്കുന്നത് വിജയശ്രീയോടേ രഥമേറിയത്രെ. അതിന്റെ വാഹകർ ദൈവദൂതരും തേരാളി നമ്മുടെ ദിവ്യരക്ഷകനും തന്നെ. നേരേമറിച്ച പാപിയുടെതോ? പിശാച് അവനെ ജീവിതമാകുന്ന കട്ടവണ്ടിയ്ക്കു പൂട്ടി ചാട്ടകൊണ്ടടിച്ച് ഓടിച്ചുകൊണ്ട് പോകയാണുചെയ്യുന്നത്.

ലോകത്തിൽ മനുഷ്യന്റെ സകലവിധസൗഭാഗ്യങ്ങളും വിശ്വാസം, ശരണം, ഉപവി, എന്നമൂന്നുപ്രകരണങ്ങൾ സംഗ്രഹിച്ചുകൊള്ളുന്നു. ഒരിക്കൽ നാം ദൈവത്തെ അഭിമുഖമായി ദർശിക്കുമെന്നും തന്നിൽ സന്തോഷിക്ക

യും സ്വർഗ്ഗത്തിൽ തന്നോടുകൂടെ നിത്യവാസം അനുഭവിക്കുകയും ചെയ്യുമെന്നും വിശ്വാസംവഴിനാം ഗ്രഹിക്കുന്നു. ശരണത്തിൽ അവയുടെ പൂർത്തീകരണം മാത്രമല്ല, നമ്മുടെ സകല പ്രവൃത്തികളുടെയും വിചാരങ്ങളുടേയും, അല്ല അനുഗ്രഹങ്ങളുടെതന്നെയും പ്രതിസമ്മാനവും നാം പ്രതീക്ഷിക്കുന്നു. നമ്മുടെ അനുഗ്രഹങ്ങൾകൂടി സമ്മാനാർഹങ്ങളെന്നു ദൈവം പരിഗണിക്കുന്നെങ്കിൽ നമ്മുടെ സൗഭാഗ്യത്തിനു് അതിൽ കൂടുതൽ മറ്റെന്താണുവേണ്ടതു്?

നമ്മുടെ കാര്യകാരണബോധത്തെ മറച്ചുകളയുന്ന ധൂമപടലം നീങ്ങിപ്പോകുന്നതിനാൽ വിശ്വാസവും ശരണവും സ്വർഗ്ഗത്തിലില്ല. ഇഹത്തിൽ അഗ്രാഹ്യമായവയെ അവിടെ നാം പ്രസ്പഷ്ടമായി ദർശിക്കും. സർവ്വവും നമ്മുടെ അധീനത്തിലുള്ള ഒരു വസ്തു വീണ്ടും ലഭിക്കുന്നതിനു് ഒരിക്കലും നാം ആഗ്രഹിക്കുന്നതല്ലല്ലോ. എന്നാൽ സ്നേഹം! ഹാ! സ്നേഹത്താൽ നാം മത്തന്മാരായിപ്പോകും. ദൈവസ്നേഹ സാഗരത്തിൽ നാം നീന്തിത്തുടിക്കയും തിരുഹൃദയത്തിൻെറ അപരിമിതമായ ഉപവിയിൽ നാം ലയിച്ചുപോകയും ചെയ്യും. സ്നേഹം സ്വർഗ്ഗീയ സൌഭാഗ്യത്തിൻെറ ഒരു പ്രതിഛായയത്രെ. ഹാ! അതിനെ ആഗ്രഹിക്കുന്നതിനും അനുഭവിക്കുന്നതിനും ആസ്വദിക്കുന്നതിനും നാം അറിയുന്നവെങ്കിൽ നാം എത്ര സൌഭാഗ്യവാന്മാർ! ഹാ! ദൈവത്തെ സ്നേഹിക്കാതിരിക്കുന്നതല്ലയോ നമ്മുടെ നിർഭാഗ്യത്തിനുകാരണം!

'ദൈവമേ ഞാൻ വിശ്വസിക്കുന്നു. സുദൃഢമായും സംശയരഹിതമായും ഞാൻ നിന്നിൽ വിശ്വസിക്കുന്നു' എന്നു നാംപറയുമ്പോൾ 'ഓ ദൈവമേ! നീ സർവ്വവ്യാപിയാകുന്നു, നീ എന്നെ കാണുന്നു, ഞാൻനിൻെറ നയനങ്ങൾക്കു് മുമ്പിൽസ്ഥിതിചെയ്യുന്നു; ഒരിക്കൽനിന്നെ പ്രസ്പഷ്ടമായി ഞാൻദർശിക്കും; നീ വാഗ്ദാനം ചെയ്തിട്ടുള്ള സകലവും ഞാൻ സ്വീകരിക്കും; നിന്നെ പ്രസാദിപ്പിക്കാനായി ഞാൻ ചെയ്തിട്ടുള്ള സകലപ്രവൃത്തികൾക്കും പ്രതിഫലം എനിക്കു ലഭിക്കും; എൻെറ ദൈവമേ! നിന്നെ ഞാൻ സ്നേഹിക്കുന്നു; എൻെറ ഹൃദയം നിന്നെസ്നേഹിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ടതത്രെ' എന്നീ സച്ചിന്തകൾ നമ്മുടെ ഹൃദയവേദികളെ സ്പർശിക്കട്ടെ. നമ്മുടെ സകല ആവശ്യങ്ങളിലും വിശ്വാസ സ്നേഹസംപൂർണ്ണമായ ഈ പ്രകരണങ്ങൾ മാത്രംമതി. ദൈവത്തെ സ്നേഹിക്കുന്നതിലുള്ള നമ്മുടെ ഭാഗ്യം എത്രയെന്നു ഗ്രഹിച്ചിരുന്നെങ്കിൽ നാം ആനന്ദലഹരിയിൽ നിശ്ചഞ്ചലരായി നിലകൊള്ളുമായിരുന്നു!

ഒരു രാജാവു് അഥവാ ചക്രവർത്തി തൻെറ പ്രജകളിൽ ഒരുവനെവിളിച്ചു് 'നിന്നെ സൌഭാഗ്യവാനാക്കുന്നതിനു് ഞാൻഇച്ഛിക്കുന്നു. അതിനാൽ എൻെറ അസന്തുഷ്ടിക്കു യാതൊരുകാരണവും ഉണ്ടാക്കാതെ എൻെറകൂടെ വസിക്കയും എൻെറ രാജകീയസമൃദ്ധിയെ അനുഭവിക്കയും ചെയ്തുകൊള്ളുക' എന്നുകല്പിച്ചാൽ എത്ര സൂക്ഷ്മതയോടും ശുഷ്കാന്തിയോടും ആ രാജാവിനെ പ്രസാദിപ്പിക്കാൻ അവൻ ശ്രമിക്കയില്ല? ഈ ഉടമ്പടിതന്നെയാണു് ദൈവം നമ്മോടും ചെയ്യുന്നതു്. പക്ഷെ അവിടത്തെ സ്നേഹബന്ധത്തെ നാം കാര്യമായി കരുതുന്നില്ല. അവിടുത്തെ വാഗ്ദാനങ്ങളെ നാം വിലമതിക്കുന്നില്ല. ഹാ! ഇതെത്ര പരിതാപകരം!

# പ്രാർത്ഥനാവാരം.

(കം. നി. മൂ. സ. ബ. പീയൂസച്ചൻ)

നശിച്ചുപോയ നരവർഗ്ഗത്തെ മോക്ഷപ്രാപ്തിക്കു യോഗ്യമാക്കുന്നതിനായി

ട്ടാണല്ലൊ ലോകൈകനാഥനായ മ്ശിഹാ ഭൂജാതനായി സത്യപന്ഥാവായ പരിശുദ്ധ കത്തോലിയ്ക്കാ സഭയെ സ്ഥാപിച്ചതു്. എന്നാൽ 1927 വൎഷങ്ങൾക്കിടകൊണ്ടു മ്ശിഹായുടെ പ്രസ്തുത സഭയിൽനിന്നു വിഭിന്നങ്ങളായ ഇതരസഭകൾ സഹസ്രക്കണക്കു രൂപീകൃതങ്ങളായിട്ടുണ്ടു്. ഒരാട്ടിടയനും ഒരു തൊഴുത്തുമാകണമെന്നുള്ള മ്ശിഹായുടെ വചനങ്ങളിൽനിന്നു ഇതരമതങ്ങൾ എല്ലാം തന്നെ ഭൂമുഖത്തു നിന്നു അന്തൎദ്ധാനം ചെയ്തു് സകലരും യഥാൎത്ഥ മുക്തിമാൎഗ്ഗമായ കത്തോലിയ്ക്കാ സഭയുടെ അംഗങ്ങളായിത്തീരണമെന്നാണു അവിടുന്നു ആഗ്രഹിക്കുന്നതെന്നു വിശദമാകുന്നു. ആകയാൽ ചെന്നായ്ക്കളുടെ വായ്കളിൽ അൎദ്ധപ്രാണരായി സ്ഥിതി ചെയ്യുന്ന സഹോദരങ്ങളെ ആ ക്രൂരമൃഗങ്ങൾ ഗ്രസിച്ചുകളയുന്നതിനു മുൻപായി അവരെ മോചിതരാക്കി ആയുസ്സിന്റെ ജലം നൽകുന്ന മാതാവായ കത്തോലിയ്ക്കാ സഭയുടെ മടിയിൽ നിദ്രചെയ്തു ആശ്വാസമടയുന്നതിനു നാം വേണ്ടത്ര പരിശ്രമിക്കേണ്ടതല്ലയൊ? അതിനായി എത്ര പ്രയത്നിച്ചാലും അധികമായി എന്നു വരുന്നതല്ല! നമ്മെത്തൊട്ടും നമ്മുടെ ചുറ്റുമായി എത്ര എത്ര സഹോദരങ്ങൾ ചെന്നായ്ക്കളുടെ കടിയിൽപെട്ടു കിടക്കുന്നു. കണ്ണു തുറക്കുവിൻ! കൈ നീട്ടുവിൻ! വലിച്ചെടുപ്പിൻ! പ്രാൎത്ഥനായുധം ധരിപ്പിൻ! പ്രാൎത്ഥനയാണു് മാനസാന്തരവൃത്തിയിൽ പ്രഥമസ്ഥാനം അൎഹിക്കുന്നതു്. ഇതിലേക്കു പറ്റിയ ഒരു അവസരമാണു് സഭയുടെ ഐക്യത്തിന്നായിട്ടുള്ള പ്രാൎത്ഥനാവാരം. ഈ പ്രസ്ഥാനം 1908-ൽ (Newyork) ന്യൂയോക്കിൽ, (Graymoor) 'ഗ്രെമൂർ' എന്ന സ്ഥലത്തുള്ള പ്രോട്ടസ്റ്റന്റു മതാവലംബികളായ 'ഫ്രൻസിസ്കൻ' സഭാംഗങ്ങളാണു് ആരംഭിച്ചതു്. സഭകളെല്ലാം ഏകമാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവർ ഒരു പ്രാൎത്ഥനാവാരം തുടങ്ങി. രണ്ടുവൎഷം കഴിഞ്ഞപ്പോൾ പ്രസ്തുത സഭ ഒന്നാകെ കത്തോലിക്കാസഭയുടെ മടയിൽ അഭയം തേടുകയാണുണ്ടായതു്. ഇപ്പോൾ കത്തോലിയ്ക്കാജീവിതത്തിന്റെ ഉത്തമദൃഷ്ടാന്തമെന്ന നിലയിൽ അത്ര തീക്ഷ്ണതയോടെ ജീവിച്ചുപോരുന്ന അവർ വി. ഫ്രൻസിസ്ക്കോസിന്റെ സാക്ഷാൽ സന്യാസികളായി പ്രശോഭിക്കുന്നു. 1909-ൽ പത്താം പീയൂസ് മാൎപ്പാപ്പാതിരുമനസ്സുകൊണ്ടു് അവർ സമാരംഭിച്ചരീതിയിലുള്ള ഒരു പ്രൎത്ഥനാവാരം അംഗീകരിച്ചു. അനന്തരം കൎദ്ദിനാളന്മാരും മെത്രാന്മാരും അതിനെ പ്രോത്സാഹിപ്പിക്കയും അതിന്റെ പ്രചുരപ്രചാരണത്തിനായി വേണ്ടത്ര സഹകരണം ചെയ്തുതുടങ്ങുകയുംചെയ്തു. 1916 ഫെബ്രുവരി 25-ാംനു- 15-ാം ബനദിക്തോസ മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ്രസ്തുത പ്രാൎത്ഥനാ സംപ്രദായത്തിനു ദണ്ഡവിമോചനങ്ങൾ നൽകി. അതിന്റെ ഉച്ചാരണത്തിലേക്കു സൎവ്വലോകത്തേയും ഉപദേശിക്കുകയും ക്ഷണിക്കുകയും ചെയ്തിട്ടുണ്ടു്. ഇപ്പോൾ ഭാഗ്യമായി വാഴുന്ന 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അതിനെ പ്രത്യേകാശീൎവ്വാദങ്ങളാൽ സമ്പന്നമാക്കിയതിനു പുറമെ അതിന്റെ ഉദ്ദേശസാദ്ധ്യത്തിനായി അവിടുന്നു അതിന്റെ ആരംഭദിവസം വൎഷന്തോറും ദിവ്യപൂജ അൎപ്പിക്കുന്നുണ്ടെന്നുള്ളതും സന്തോഷം അറിയിക്കേണ്ടതായിട്ടുണ്ടു്.

ഇപ്രകാരമുള്ള ഒരു പൊതുപ്രാർത്ഥന സൎവ്വത്ര വ്യാപിക്കുന്നതിനായിട്ടും നിൎബന്ധപൂൎവ്വമായ ഒരു കല്പന ലോകമൊട്ടുക്കുണ്ടാകണമെന്നു കാണിച്ചും തിരുസിംഹാസനത്തിങ്കലേക്കു അപേക്ഷകൾ ഒന്നിനുപിറകെ ഒന്നായി പൊയ്ക്കൊണ്ടിരിക്കുന്നു. ഏകദേശം ആയിരത്തോളം മെത്രാന്മാരും പല സഹസ്രം പുരോഹിതന്മാരും സന്യാസികളും പ്രസ്തുത അഭ്യൎത്ഥനയിൽ കൈഒപ്പു വച്ചിട്ടുണ്ടെന്നുള്ളതു പ്രത്യേകം സ്മരണാർഹമാണു്.

പ്രസ്തുത പ്രാൎത്ഥനാവാരം വി. പത്രോസിന്റെ സിംഹാസനതിരുനാളായ ജനുവരി 18-ാംനു- ആരംഭിച്ചു വി. പൗലോസിന്റെ മാനസാന്തരസുദിനമായ ജനുവരി 25-ാംനു- അവസാനിക്കുന്നതാണു്. ഈ പ്രാൎത്ഥനയുടെ ആരംഭദിവസമോ അവസാനദിവസമോ കുമ്പസാരിച്ചു വി. കുർബ്ബാന ഉൾക്കൊ

ണ്ടു്. മാർപ്പാപ്പായുടെ നിയോഗപ്രകാരം പ്രാർത്ഥിക്കുന്നവർക്കു പൂർണ്ണദണ്ഡവിമോചനവും തിരുസിംഹാസനത്തിൽ നിന്നു കല്പിച്ചനുവദിച്ചിട്ടുണ്ടു്.

മേൽ സൂചിപ്പിച്ച പ്രാർത്ഥനകളുള്ള ദിവസങ്ങൾ അത്യാസന്നമായിരിക്കുന്നതിനാൽ ആയതിലേക്കു വായനക്കാരുടെ പ്രത്യേക ശ്രദ്ധയെ ക്ഷണിക്കയും അതിലേക്കു ഉപയോഗപ്പെടുത്തി വരുന്ന ഒരു ജപത്തെ കീഴെ ചേർക്കുകയും ചെയ്തു കൊള്ളുന്നു.

"അവർ എല്ലാവരും ഒന്നായിരിക്കുന്നതിനും, നീ എന്നെ അയച്ചുവെന്നു ലോകം വിശ്വസിക്കേണ്ടതിനു, പിതാവെ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ, ഇവരും നമ്മിൽ ഒന്നായിരിക്കുന്നതിനും ഞാൻ പ്രാർത്ഥിക്കുന്നു. (വി. യോഹ. 17–21)

മു— നീ പാറയാകുന്നുവെന്നു നിന്നോടു ഞാൻ പറയുന്നു

സ— ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും.

പ്രാർത്ഥിക്കുക.

"ഞാൻ സമാധാനം നിങ്ങൾക്കായിവച്ചേക്കുന്നു. എന്റെ സമാധാനം നിങ്ങൾക്കായി ഞാൻ നൽകുന്നു" എന്നു് അങ്ങേ ശിഷ്യരോടു അരുളിച്ചെയ്ത ഈശോമ്ശിഹാ കർത്താവേ! സദാകാലവും ജീവിച്ചു വാഴുന്ന ദൈവമായ നീ ഞങ്ങളുടെ പാപങ്ങളെ ഓർക്കാതെ, നിന്റെ സഭയുടെ വിശ്വാസത്തെ മാത്രം ഓർക്കുകയും നിന്റെ തിരുച്ചിത്തത്തിനനുയോജ്യമായ സമാധാനവും ഐകൃവും അവർക്കു നൽകുകയും ചെയ്യുമാറാകണമെ. ആമ്മേൻ.

---

## ൧൱൨ മകരമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### ചൈനായിലേ ക്രിസ്തുമതാഭിവൃദ്ധി.

എഷ്യയിലെ സ്വതന്ത്ര രാജ്യങ്ങളിൽവെച്ചു വിസ്തീർണ്ണതകൊണ്ടും ജനബാഹുല്യം കൊണ്ടും ഒന്നാംസ്ഥാനത്തു നില്ക്കുന്ന രാജ്യമാണു ചൈനാ. ഏകദേശം ൪൩ ലക്ഷം ചതുരശ്രമയിൽ വിസ്തീർണ്ണതയുള്ള ഈ രാജ്യത്തു ൪൦ കോടി ജനങ്ങൾ അധിവസിക്കുന്നുണ്ടു്. ചൈനാക്കാരിൽ ഭൂരിപക്ഷവും ബുദ്ധമതക്കാരാണു. ഇൻഡ്യയുടെ ശ്ലീഹാ അന്തോമ്മാതന്നെ ചൈനയിലും വേദം പ്രസംഗിച്ചതായി ഈ വിശുദ്ധന്റെ തിരുനാൾ പ്രാർത്ഥനയിൽ കാണുന്നുണ്ടു്.



മദ്ധ്യശതകങ്ങളിൽ ചൈനായിൽ ചിലേടങ്ങളിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നതായി ചില ചരിത്രരേഖകളും ഇല്ലാതില്ല. പക്ഷെ ക്രിസ്ത്യാനിവേദം കാലാന്തരത്തിൽ ചൈനായിൽ നാമാവശേഷമായിത്തീർന്നു. ക്രിസ്തുമതത്തെ വീണ്ടും ചൈനായിൽ പ്രചരിപ്പിക്കുന്നതിനു യൂറോപ്യൻ മിഷ്യനറിമാർ ഇരുനൂറുകൊല്ലങ്ങളിലധികം ചെയ്ത പരിശ്രമഫലമായി ഇന്നു ആ മഹാരാജ്യത്തിൽ ഇരുപതുലക്ഷം കത്തോലിക്കരിലധികമുണ്ടു്. കഴിഞ്ഞകൊല്ലം ഒ

ക്ടോബർമാസത്തിൽ ചൈനാക്കാരായ ആറു വൈദികർക്കു മെത്രാൻപട്ടം നമ്മുടെ പരിശുദ്ധപിതാവുതന്നെ കൊടുത്തതു വായനക്കാർ ഇപ്പോൾ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. ഒരേസമയത്തുതന്നേ ആറു ഏതദ്ദേശീയമെത്രാസനങ്ങൾ സ്ഥാപിക്കത്തക്കവണ്ണം ചൈനായിലെ ക്രിസ്ത്യാനികൾ അഭിവൃദ്ധിപ്പെട്ടുവന്നു എന്നുള്ളതു എത്രയും സന്തോഷകരം തന്നെയാണു്.

എന്നുവരികിലും സത്യവേദത്തിന്റെ വെളിച്ചം പ്രകാശിക്കാത്ത അനേക ഗ്രാമങ്ങൾ ഇനിയും ചൈനായിൽ ഉണ്ടെന്നുള്ള വാസ്തവം നാം മറക്കേണ്ടതല്ല. നാല്പതുകോടിയിലധികം വരുന്ന ചൈനാക്കാരിൽ കത്തോലിക്കമതം സ്വീകരിക്കുന്നവർ എത്ര ചുരുക്കമാണെന്നു നാം ഓർമ്മിക്കണം.

വേദസാക്ഷികളുടെ രക്തം ക്രിസ്ത്യാനികളെ മുളപ്പിക്കുന്ന വിത്താണു എന്നുള്ള ആപ്തവാക്യം ചൈനായെ സംബന്ധിച്ചു സാർത്ഥമാകുന്നപക്ഷം ചൈനായിൽ പലപ്പോഴായിട്ടു മരിച്ച വേദസാക്ഷികളുടെ യോഗ്യതമൂലം കത്തോലിക്കാമതം ഈ വലിയ രാജ്യത്തു അഭിവൃദ്ധപ്പെട്ടുവരുമെന്നു നമുക്കു ന്യായമായി പ്രതീക്ഷിക്കാം. പക്ഷെ നാം കർത്താവിന്റെ തിരുഹൃദയത്തോടു ഈ കാര്യസാദ്ധ്യത്തിനായി ശുഷ്കാന്തിപൂർവ്വം പ്രാർത്ഥിക്കുന്നപക്ഷം നമ്മുടെ ആഗ്രഹം കാലതാമസം കൂടാതെ സാധിക്കും. ആകയാൽ ഈ മാസം മുഴുവനും തിരുഹൃദയഭക്തർ ചൈനായിലെ കത്തോലിക്കമതാഭിവൃദ്ധിക്കായി പ്രാർത്ഥിക്കണമെന്നു നമ്മുടെ പരിശുദ്ധപിതാവു ആഗ്രഹിക്കുന്നു.

കുംഭമാസം— ശത്രുക്കളെ സ്നേഹിക്ക.

# ക: നാഥയുടെ കുഞ്ഞുമക്കൾക്കു്.

## 1. വിശുദ്ധ ലൂയീസ് ഗൊൺസാഗാ.

### 1. നവസന്യാസാരംഭം.

പ്രി. കുഞ്ഞുങ്ങളെ,

വി. ലൂയീസുസന്യാസത്തിൽ പ്രവേശിച്ചതുവരെയുള്ള വിവരങ്ങൾ ചുരുക്കമായി കഴിഞ്ഞയാണ്ടു നിങ്ങളെ പറഞ്ഞുകേൾപ്പിച്ചു. പിന്നീടുള്ള ജീവിതത്തെപ്പറ്റി ഇക്കൊല്ലം നമുക്കു പ്രതിപാദിക്കാം. സന്യാസജീവിതത്തിന്റെ ആദ്യത്തെ ഒന്നുരണ്ടുകൊല്ലങ്ങൾ നവസന്യാസകാലമെന്നാണു പറയുന്നതു്. പുണ്യജീവിതത്തിന്റെ പ്രാരംഭപാഠങ്ങൾ അക്കാലത്തു അഭ്യസിപ്പിക്കുന്നു. അക്കാലത്തു ലൌകികമായ ഏർപ്പാടുകളിൽ നിന്നെല്ലാം മുഴുവനായി ഒഴിഞ്ഞു് നവസന്യാസി പ്രാർത്ഥനയിലും സുകൃതാഭ്യാസങ്ങളിലും തന്നെ സമയം ചെലവഴിക്കുന്നു. ദൈവത്തോടുകൂടെ ഒന്നിച്ചു പരമാനന്ദത്തിൽ ഭാഗ്യപ്പെടാനുള്ളതിന്റെ ഒരു പ്രതിച്ഛായപോലെയാണു് ലോകത്തിലെ നവസന്യാസിയുടെ ജീവിതമെന്നു ചുരുക്കത്തിൽ പറയാം. പണ്ടേതന്നെ ആ പദവിയിലെത്തിയിരുന്ന ലൂയീസിനു നവസന്യാസഭവനം എത്രമധുരതരമായി തോന്നി എന്നുപറവാനസാദ്ധ്യം. അന്നു റോമയിൽ ഈശോസഭക്കാരുടെ നവസന്യാസഗുരുവായിരുന്ന ഫാദർ പെസ്സൊത്തോ ഒരു അസാമാന്യസുകൃതനിധിയായ ഒരു ദേഹമായിരുന്നു. ലൂയീസിനെ കണ്ടയുടനേ അദ്ദേഹത്തിനു തൃപ്തിയായി. തൻമൂലം നല്ലപോലെ ശ്രദ്ധിച്ചുതന്നെ പരിശീലിപ്പിച്ചുതുടങ്ങി. "ഞാൻ ഒരു വളഞ്ഞ ഇരുമ്പുകഷണമാകുന്നു. തല്ലി നിവിർക്കപ്പെടേണ്ടതിനാണു് ഇവിടെ വന്നിരിക്കുന്നതു്" എന്നാണു ലൂയീസു തന്നെപ്പറ്റി പറഞ്ഞുവന്നതു്. അതിനാൽ

ചില്ലറ വളവുകൾ ഉണ്ടായിരുന്നതെല്ലാം ക്രമേണ തീർന്നു. നവസന്യാസഗൃഹശ്രമം തുടങ്ങി. ലൂയീസ് അല്പം കുനിഞ്ഞിട്ടാണ് നിന്നിരുന്നത്. ഒന്നിലു പ്രത്യേകത വരാതെ സൂക്ഷിക്കണമെന്നും അതിനാൽ നിവിർന്നു നടന്നുകൊള്ളണമെന്നും ഗുരു ആജ്ഞാപിച്ചു. ലൂയിസു ശ്രമിച്ചിട്ടു സാധിച്ചില്ല. കുറേ ദിവസത്തേയ്ക്കു കട്ടിയുള്ള ഒരു കോളർ കഴുത്തിൽ കെട്ടിക്കൊണ്ടു നടക്കാൻ അദ്ദേഹം കല്പിച്ചു. ഈ വേഷത്തോടുകൂടെ കൂട്ടത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ലൂയീസിനുതന്നെ ചിരിയൊന്നായിരുന്നു. എങ്കിലും ഈവിധമാർഗ്ഗങ്ങളാൽതന്നെ തന്നെ ജയിക്കുന്നതിനും, തദ്വാരാ സുകൃതമാർഗ്ഗത്തിൽ അഭിവൃദ്ധിപ്പെടുന്നതിനും പ്രതിദിനം ലൂയീസു ശ്രമിച്ചുവന്നു.

## II. ഈമാസത്തെ മാദ്ധ്യസ്ഥൻ– വി. റൈമുൻദ്.

(തിരുനാൾ ജനുവരി 23. തിങ്കളാഴ്ച)

സ്പെയിനിലെ ഒരു പ്രഭുകുടുംബത്തിൽ ജാതനായ ഇദ്ദേഹം ദൈവജനനിയുടെ വലിയ ഭക്തനായിരുന്നു. ദൈവമാതാവു കാണപ്പെട്ടു കല്പിച്ചതനുസരിച്ചു തുലുക്കരുടെ അധീനത്തിൽ നിന്നു ക്രിസ്തീയ അടിമകളെ വീണ്ടെടുക്കുന്നതിനു അദ്ദേഹം ഒരു സഭ സ്ഥാപിച്ചു. അറഗണിലെ ജെയിംസു രാജാവു പാപവഴി വിട്ടു നടക്കുന്നതിനും പുണ്യവാൻ ധീരതയോടേ ഉപദേശിച്ചതിനാൽ രാജകോപത്തിനു പാത്രീഭവിച്ചെങ്കിലും അദ്ദേഹം അതുകൊണ്ടൊന്നും ഇളകിയില്ല. പാപത്തേക്കാൾ മരണം സ്വീകരിക്കുന്നതിനു വി. റൈമുന്തേ ഞങ്ങളെ സഹായിക്കണമേ!



പെരുന്താനം 265–ാം നമ്പർ ബാലസംഘം.

## III. കെ. സി. സി. എ. ഡയറി.

രണ്ടു മൂന്നു മരണങ്ങൾ കഴിഞ്ഞ മാസത്തിൽ തന്നെ സംഘാംഗങ്ങളിൽനിന്നുണ്ടായിട്ടുണ്ടെന്നു ചരമവാർത്തകളിൽ നിന്നറിയാം. മുറപ്രകാരമുള്ള പ്രാർത്ഥനകൾ ഓരോരു

ത്തക്കും വേണ്ടി നടത്തണമെന്നു ഓൎപ്പിക്കുന്നു.

* * *

കെ. സി. സി. ഏ. മെഡലുകൾ കുറെ വന്നു ചേൎന്നിട്ടുണ്ട്. ആവശ്യക്കാർ അഞ്ചൽക്കൂലി ഉൾപ്പടെ പന്ത്രണ്ടെണ്ണത്തിനു ഒന്നര രൂപാവീതം അയച്ചു ഉടനെ അപേക്ഷിക്കണം. പണം മണിയോർഡർ അയക്കുന്നതിനുള്ള ചിലവും അതിൽ നിന്നെടുക്കാം.

* * *

കഴിഞ്ഞ മാസത്തിൽ ആകെ 43 രൂപാ 20 ച. വരവുണ്ട്. അതിൽ പൊതുഫണ്ടിലേക്കു വരവു 5 രൂപാ ഉൾപ്പടെ ബേങ്കിൽ ഇപ്പോൾ 64 രൂപയാണുള്ളതു്.

ഡാക്ടർ പി. ജെ. തോമ്മസിന്റെ പ്രസംഗം പ്രതീക്ഷിച്ച വാൎഷിക പുസ്തകത്തിനു പിന്നെയും താമസം നേരിട്ടതിൽ ദുഃഖിക്കുന്നു. അദ്ദേഹത്തിനു സുഖക്കേടായിപ്പോയവിവരം നിങ്ങളും അറിഞ്ഞിരിക്കുമല്ലൊ. രണ്ടായാലും ഇനി താമസിപ്പിക്കാൻ നിശ്ചയിച്ചിട്ടില്ല.

* * *

നവവത്സരം എല്ലാവൎക്കും മംഗളമായി ഭവിക്കുന്നതിനു ഉണ്ണിമ്ശിഹാ അനുഗ്രഹിക്കട്ടെ.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

# വർത്തമാനസംഗ്രഹം.

പുത്തൻപള്ളിസെമ്മിനാരിയിൽ വച്ചു കാളാശ്ശേരിമെത്രാനച്ചൻ തിരുമനസ്സിലെ സഹപാഠികളായിരുന്ന തൃശ്ശൂർ രൂപതയിൽപെട്ട ബ. വൈദികർ മെത്രാനച്ചൻ തിരുമനസ്സിലേക്കു ഒരു മംഗളപത്രവും തിരുവാഴിയും സമൎപ്പിച്ചിരിക്കുന്നു.

ബുള വന്നെത്തിയില്ലെങ്കിലും മെത്രാഭിഷേകം നടത്തിക്കൊള്ളുന്നതിനു റോമയിൽ നിന്നു പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടായിരുന്നു. എങ്കിലും ധ്യാനം കഴിഞ്ഞു മാന്നാനത്തുനിന്നു മെത്രാനച്ചൻ അരമനയിലെത്തുന്നതിനു അരമണിക്കൂർ മുമ്പായി ബുളയും അവിടെ എത്തുകയുണ്ടായി.

മെത്രാഭിഷേകത്തിന്നായി എത്തിയിരുന്ന കോഴിക്കോട്ടു മെത്രാനച്ചൻ അവർകൾ ചങ്ങനാശേരി അരമനയിലെത്തിയ അവസരത്തിൽ ഒരച്ചൻചെന്നു ആദരപൂൎവ്വം അദ്ദേഹത്തിന്റെ കൈമുത്തി. ഈ അച്ചൻ ഏതാണു എന്നു മെത്രാനച്ചൻ അടുത്തു നിന്നവരോടു ചോദിച്ചു. അതു കാളാശ്ശേരി മെത്രാനച്ചൻ തന്നെയായിരുന്നു!

ധ്യാനം കഴിഞ്ഞു മാന്നാനത്തുനിന്നു പോകുമ്പോൾ ഇട്ടിരുന്ന അല്ലംകീറിയ ഒരുടുപ്പു തന്നെയാണു മെത്രാനച്ചൻ വാഴ്ചയുടെ തലേദിവസം വൈകുന്നേരംവരെ ഇട്ടിരുന്നതു്. “അദ്ദേഹത്തിന്റെ വിനയാതിരേകം നോക്കുക” എന്നു അതിഥികളായി വന്ന വന്ദ്യതിരുമേനിമാരിൽ ഒരാൾ അത്ഭുതപരതന്ത്രനായി ഒരു വൈദികനോടു പ്രസ്താവിക്കയുണ്ടായി.

തൂത്തുക്കുടി മെത്രാൻ മോൺസിഞ്ഞോർ റോച്ച അവർകൾ അദ്വിതീയനായ ഒരു സൂക്ഷ്മദൃക്കും വിമൎശപടുവുമാണ്. ഡിന്നർ കഴിഞ്ഞു അദ്ദേഹം ഒരു സ്നേഹിതനോടു ഇങ്ങനെ അഭിപ്രായപ്പെട്ടു. ‘നിങ്ങളുടെ മെത്രാനച്ചനെപ്പററി ഞാൻ അത്ഭുതപ്പെടുന്നു. അദ്ദേഹത്തിനു ഒരു കുലുക്കവുമില്ല. ഇന്നത്തെ ഡിന്നർ കഴിഞ്ഞുള്ള അദ്ദേഹത്തിന്റെ പ്രസംഗം ഒരു അസാമാന്യ പ്രദൎശനമായിരുന്നു’.

അഭിഷേകദിവസം വിശുദ്ധ കൎമ്മനേരത്തു ദിവാൻ മി. വാട്ട്സിന്റെ ഭക്തിപൂൎവ്വവും മാതൃകായോഗ്യവുമായ നിലയെപ്പററി പലരും പ്രശംസിക്കയുണ്ടായി. ‘മെത്രാഭിഷേകകൎമ്മം’ എന്ന മലയാളപുസ്തകത്തിൽ നോക്കി തിരുകൎമ്മങ്ങളെ ശ്രദ്ധാപൂൎവ്വം അനുകരിച്ചുകൊണ്ടു ഏറിയ പങ്കും അദ്ദേഹം മുട്ടിന്മേൽ നിന്നുതന്നെ കഴിച്ചുകൂട്ടി.

## മനോഗുണവിവരങ്ങൾ

☞ ചുരുക്കമായി ഇൗവിധവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരുരൂപാമുമ്പേറടച്ചു അപേക്ഷിക്കണം.

വി. കൊച്ചുത്രേസ്യായുടെയും കുഴ്വാലശ്ശേരിൽ മാർതോമ്മാമെത്രാനച്ചന്റെയും സഹായത്താൽ എന്റെ ബോധക്കേടുനീങ്ങിയതിനു ഉപകാരസ്മരണ.

എസ്. എം. എസ്. കടനാട്ട്.

വി. അന്തോനീസിന്റെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ വിചാരിച്ചകാര്യം സാധിച്ചതിനു

പി. കെ. കെ. ശാന്തൻപാറ.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എനിക്കുജോലിലഭിച്ചതിനു.

വി. ജെ. വി. പാലിസമുദ്രം.

കാഞ്ഞിരത്താനത്തു വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ അസാദ്ധ്യമായ രണ്ടുവലിയകാര്യങ്ങൾ സാധിച്ചതിനു

എം. സി. വി. കാഞ്ഞിരത്താനം.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എന്റെയും മകന്റെയും സുഖക്കേടു ഭേദമായതിനു

വി. ജി. ക്രൂസ്. തിരുവനന്തപുരം.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതയിൽ എനിക്കു ഗവൺമെന്റുദ്യോഗം കിട്ടിയതിനു ആർപി. അതിരമ്പുഴ.

പരിശുദ്ധകർമ്മലമാതാവിന്റെയും തിരുഹൃദയത്തിന്റെയും കൊച്ചുത്രേസ്യായുടെയും സെന്റുആന്റനിയുടെയും സഹായത്താൽ ജോലികിട്ടിയതിനു ആമ്മേൻ.

മസ്കറാനാസ് സിലോൺ.

വി. കൊച്ചുത്രേസ്യായുടെയും വി. അന്തോനിയൂസിന്റെയും സഹായത്താൽ എന്റെ കുടിയുടെ അപകടകരമായ പനിയും നീരും നീങ്ങിയതിനു

എം. റി. സി. കൈനകരി.

കുഴ്വാലശ്ശേരിൽ മാർതോമ്മാമെത്രാനച്ചന്റെ സഹായത്താൽ ക്ഷീണക്കേടുനീങ്ങിയതിന്. പി. എം. കൊടിക്കുളം

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ സ്പോർട്ട്സിൽ ചാമ്പിയൻ മെഡലിനു അർഹനായതിന്.

സി. ഏ. മൈക്കൽ. അരണാട്ടുകര

വി. കൊച്ചുത്രേസ്യായുടെയും കുഴ്വാലശ്ശേരിൽ മാർ തോമ്മാമെത്രാനച്ചന്റെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന്.

മേറി കന്നിൽ. ചമ്പക്കുളം.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചതായെഴുപ്പാന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

ഭരണങ്ങാനം ഇടവക പീടികയിൽ കുരുവിള ഇട്ടിയവിരാ നവംബർ 3 നു 70 വയസ്സ.

പുന്നത്തറപ്പള്ളിയിടവക വടക്കേയിൽ ബ. തോമ്മാശമ്മാശനവർകളുടെ മാതാവു ശ്രീമതിമറിയാമ്മ നവംബർ 15–ാം നു 64 വയസ്സ്.

പുളിങ്കുന്നു ഇടവക ക. നി. മൂ. സ. ബ. എജീനിയൂസ് ശമ്മാശനവർകളുടെ ജ്യേഷ്ഠപത്നി ശ്രീമതി മറിയാമ്മ നവംബർ 24–ാം നു

പാലാ ഇടവക 181–ാം നമ്പർ കെ. സി. സി. ഏ. ബാലികാസംഘത്തിന്റെ രണ്ടാം ആലോചനക്കാരി ശ്രീമതി മാടപ്പാട്ടു ജെ. ബ്രിജീത്താ നവംബർ 2?–ാം നു 13 വയസ്സ.

അതിരമ്പുഴ 179–ാം നമ്പർ കെ. സി. സി. ഏ. സംഘത്തിന്റെ ഒന്നാം ആലോചനക്കാരൻ പടിഞ്ഞാറേപ്പാത്തോട്ടത്തിൽ ജോസഫ്. നവംബർ 27–ാം നു 18 വയസ്സ്.

പള്ളിപ്പുറം 242–ാം നമ്പർ കെ. സി. സി. ഏ. ബാലസംഘം സെക്രട്ടറി കൊച്ചുപറമ്പിൽ ഔസേപ്പു തൊമ്മൻ ഡിസംബർ 21–ാംനു 21 വയസ്സ.

എപ്പകത്തി വവ്വ.
൧൯൨൭ ൧൧൦൩

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം .൭.൧

## ൧൯൨൮ ജനുവരി. — ൧൧൦൩ ധനു. — മകരം.

| | | | | |
|---|---|---|---|---|
| 1 | 17 | ഞാ | ✠ ന. ക. ഛേദനാചാരം (ന. കു. പെ.) .൭൭.൦.൭ | വെ. |
| | | | ചേപ്പുങ്കൽ, കോസനല്ലൂർ, വടയാർ, പുന്നത്തുറ രാമപുരം, കോതമംഗലം, കാഞ്ഞിരപ്പള്ളി തിരുനാൾ | |
| | | | ☞ വെള്ളി തിരുനാൾക്കടം പള്ളിയിൽ അറിക്കണം. | |
| 2 | 18 | തി | ശ്ലീ. എസ്സ. എട്ടു. ന. ആ. കു. പെ. | ച്യ. |
| 3 | 19 | ചൊ | ശ്ലീ. യോഹ. എട്ടു. ന. ആ. കു. പെ. | വെ. |
| 4 | 20 | ബു | ശ്ലീ. കറയില്ലാത്ത ശിശുക്കൾ എട്ടു ന. ആ. കു. പെ. | ച്യ. |
| 5 | 21 | വ്യാ | ന. ക. ദെനഹാ. തലെ. ന. ആ. തലേ. | വെ. |
| 6 | 22 | വെ | ✠ ന. ക. ദെനഹാ (ന. കു. പെ.) | വെ |
| | | | പാലാ, പുളിംകുന്നു, എഴപുന്ന, മുട്ടുചിറ, മണിമല, മൂവാററുപുഴ. | |
| ◐ 7 | 23 | ശ | ദെന. എം. ന. ആ. കു. പെ. | വെ. |
| 8 | 24 | ഞാ | ✠ ദെന. ൧-ാംഞാ. ന. ആ. കു. ഇടഞാ. .൭൩.൭.൩ | വെ. |
| 9 | 25 | തി | ദെന. എം. ന. ആ. കു. പെ. | വെ. |
| 10 | 26 | ചൊ | ദെന. എം. ന. ആ. കു. പെ. | വെ. |
| 11 | 27 | ബു | ദെന. എം. ന. ആ. കു. പെ. | വെ. |
| 12 | 28 | വ്യാ | ദെന. എ. ന. ആ. കു. പെ. | വെ. |
| 13 | 29 | വെ | ദെന. എട്ടു. ന. ആ. കു. എട്ടു. | വെ. |
| 14 | 1 | ശ | ശ്ലീ. മെ. അ. ഹില്ലാരീസ് ന. ആ. കു. പെ. | വെ. |
| 15 | 2 | ഞാ | ✠ ദെന. ൨-ാംഞാ. ന. കു. ആ. .൭൦.൩.൭ | പ. |
| 16 | 3 | തി | ശ്ലീ. വേദ. പാ. മർസേലീസ്. ന. ആ. കു. പെ. | ച്യ. |
| 17 | 4 | ചൊ | ശ്ലീ. വന: അന്തോനീസ് ആബാ. ന. ആ. കു. പെ. | വെ. |
| 18 | 5 | ബു | ശ്ലീ. പത്രോസ് റോമ്മാസിംഹാ. ന. ആ. കു. പെ. | വെ. |
| 19 | 6 | വ്യാ | † ശ്ലീ. വേദ രാ. കന്യൂത്താസ് ന. ആ. കു. പെ. | ച്യ. |
| 20 | 7 | വെ | ശ്ലീ. വേദ. സെബസ്ത്യാ. ക്രൂട്ടു. ന. കു. പെ. | ച്യ. |
| | | | അർത്തുങ്കൽ, ചങ്ങനാശേരി, കടനാട്, കുറവിലങ്ങാട്, കോന്തുരുത്തി, ചിറക്കടവു, എങ്ങണ്ടിയൂർ. | |
| 21 | 8 | ശ | ശ്ലീ. ക. വേദ. അഗനെസ് ന. ആ. കു. പെ. | ച്യ. |
| ● 22 | 9 | ഞാ | ✠ ദെന. ൩-ാംഞാ. ന. കു. ആ. .൭൭൭.൧൦.൭൩ | പ. |
| 23 | 10 | തി | ❊ എ. ഭാ. ക. മറി. വിവാഹം ന. കു. പെ. | വെ. |
| | | | മററക്കര, ആളൂർ, തിരുക്കുടുംബ തിരുനാൾ. | |
| 24 | 11 | ചൊ | ശ്ലീ. അ. വേദ. തീമാത്തെയോസ് ന. ആ. കു. പെ. | ച്യ. |
| 25 | 12 | ബു | ശ്ലീ. പൌലോസ്ലീഹാ. മാനസാന്തരം ന. ആ. കു. പെ. | വെ. |
| | | | അതിരമ്പുഴ, കള്ളിക്കാട്ടു വി. സെബസ്ത്യാ. തിരുനാൾ. | |
| 26 | 13 | വ്യാ | ശ്ലീ. അ. വേദ. പൊലികാർപ്പോസ ന. ആ. കു. പെ. | ച്യ. |
| 27 | 14 | വെ | ശ്ലീ. അ. മ. യോഹ. ക്രിസോസ്തോ. ന. കു. പെ. | ച്യ. |
| 28 | 15 | ശ | ❊ ന. സ. ശ്ലീ. അ. മ. ക്രൂറില്ലോസ് ന. ആ. കു. പെ. | വെ. |
| 29 | 16 | ഞാ | ✠ ദെന. ൪-ാംഞാ. ന. കു. ആ. .൭൩.൭.൭ | പ. |
| | | | വ്യാഴം തിരുനാൾക്കടവും തിങ്കൾ, ചൊവ്വ, ബുധൻ മൂന്നുനായന്നു മാംസവർജ്ജനയും പള്ളിയിൽ അറിയിക്കണം. | |
| | | | വി. യൌസേപ്പിന്റെ ബുധനാഴ്ചഭക്തി അടുത്ത ബുധനാഴ്ചതുടങ്ങും. | |
| 30 | 17 | തി | † ശ്ലീ. വേദ. മത്തീനാ. ന. ആ. കു. പെ. | ച്യ. |
| 31 | 18 | ചൊ | † ശ്ലീ. മെ. പത്രോസ്. നൊലാസ്കോ. ന. ആ. കു. പെ. | വെ. |

Printed and Published for the proprietor by P. K. Joseph at the
St. Joseph's Press, Mannanam. 1928.